നം.കെ.എസ്.എ-കെ.ടി.എം.പി.-13/1795/2016 തീയതി: 16.12.2016

# കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ

# 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.9.15 മുതൽ 31.10.16 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 16.11.2016 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി സിനി എം.വി., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 2016 നവംബർ 8 മുതൽ 2016 നവംബർ 16 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നടരാജൻ പി.ബി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീമതി ഡാനിമോൾ കെ.ജെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.രാജേഷ് എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ഉണ്ണിക്കൃഷ്ണൻ സി., സീനിയർഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ഷാജിമോൻ പി.ബി., ഓഡിറ്റർ |

ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി അനിത സന്തോഷ് | 1.04.15 മുതൽ 11.11.2015 വരെ |
| | ശ്രീ.റ്റി.എസ്.കൃഷ്ണകുമാർ | 12.11.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.എ.ജെ.രാജു | 1.4.2015 മുതൽ 08.3.2016 വരെ |
| | ശ്രീ.എം.എൻ.വിജയൻ,<br>അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ് ഓഫ് സെക്രട്ടറി | 09.03.2016 മുതൽ 31.3.2016 വരെ |

നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി റെജിമോൾ എം.എം. | 01.04.2015-31.03.2016 |
| വെറ്ററിനറി സർജൻ | ഡോ.അനിൽകുമാർ ടി. | 01.04.2015-31.03.2016 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. | ഡോ.ഷെഹൻ മുഹമ്മദ് എസ്. | 01.04.2015-31.03.2016 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.പ്രഹ്ലാദ് കെ. | 01.04.2015-31.03.2016 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.എ.എം.തോമസ് | 01.04.2015-31.03.2016 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.മഹേഷ് പി.മോഹൻ | 01.04.2015-30.05.2015 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.അനിൽ ഡി.ജെ.<br>(അസി.ചാർജ്ജ്) | 31.05.2015-08.09.2015 |
| അസിസ്റ്റന്റ് എൻജിനീയർ<br>(on contract basis) | ശ്രീ.കെ.വി.മോഹൻദാസ് | 09.09.2015-27.10.2015 FN |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.ജോഷി ജോസഫ് | 27.10.2015 AN<br>31.03.2016 |
| വി.ഇ.ഒ-എരുമേലി | ശ്രീ.വി.എം.സജി | 01.04.2015-31.03.2016 |
| വി.ഇ.ഒ-ചേനപ്പാടി | ശ്രീ.ഷാൻകുമാർ കെ.പി. | 01.04.2015-31.03.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി മിനിമോൾ എം.എസ്. | 01.04.2015-17.12.2015 |
| | ശ്രീമതി മിനി ജോസഫ് | 18.12.15-31.03.16 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി സുശീല എൻ.ബി. | 01.04.2015-31.03.2016 |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്., മുട്ടപ്പള്ളി | ശ്രീ.രാജേഷ് | 01.04.2015-31.03.2016 |

<u>ഉള്ളടക്കം</u>



| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | ഭാഗം 1--പൊതുഅവലോകനം |

| | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2--വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2-1 | ലോഡ്ജ് കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ നികുതി ചുമത്തി-നികുതി നിർണ്ണയിക്കാത്ത കെട്ടിടത്തിൽ ലോഡ്ജ് പ്രവർത്തിക്കുന്നു |
| 2-2-2 | ലോഡ്ജ് കെട്ടിടങ്ങളുടെ വസ്തുനികുതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല |
| 2-2-3 | ക്ഷീരസംഘങ്ങളുടെ ഓഫീസുകൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചത് |
| 2-2-4 | നികുതി, ഉപനികുതി ഇനത്തിൽ അനധികൃത ഇളവുകൾ |
| 2-2-5 | 100 ച.മീ.കൂടുതൽ വിസ്തൃതിയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വിഭജിച്ച് കുറഞ്ഞ നിരക്ക് ചുമത്തിയത് മൂലമുള്ള നഷ്ടം |
| 2-2-6 | വിമുക്തഭടന്മാരല്ലാത്തവർക്ക് വസ്തുനികുതിയിളവ് നൽകി |
| 2-3-1 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-3-2 | സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല |
| 2-4 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-5 | ഓരുങ്കൽ കടവ് കംഫർട്ട് സ്റ്റേഷൻ ലേലം – 4190 രൂപ നാളിതുവരെ ഒടുക്കിയില്ല |
| 2-6 | ഡി & ഒ ട്രേഡ് ലൈസൻസ് അപാകതകൾ |
| 2-7 | ബസ് സ്റ്റാന്റ് ഫീസ് പിരിവ്--രസീത് നൽകാതെ പണപിരിവ്--ലേല ഇനത്തിൽ ഉൾപ്പെടാത്ത ഇനത്തിന് ഫീസ് പിരിവ് |
| 2-8 | ലൈസൻസ്--നിയമാനുസൃത വാടക കരാർ ഒഴിവാക്കുന്നു |
| 2-9 | കുറഞ്ഞ നിരക്കിൽ ടെണ്ടർ ഫോറം വിറ്റു--പഞ്ചായത്തിന് നഷ്ടം |

| | |
|---|---|
| 2-10 | വാടക--കരാർ ചമക്കാതിരുന്നതുമൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം |
| 2-11 | വാടക – ഈടാക്കിയില്ല |
| ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1-1 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല--പഞ്ചായത്ത് ഫണ്ടിന് നഷ്ടം |
| 3-1-2 | ഭക്ഷണചെലവ് ക്രമാതീതം |
| 3-1-3 | ചിരട്ടവാങ്ങൽ യഥാസമയം ടെണ്ടർ ക്ഷണിച്ചില്ല--പഞ്ചായത്തിന് നഷ്ടം |
| 3-1-4 | വാഹന റിപ്പയറിംഗ്--ചെലവിലെ അസ്വീകാര്യതയും വാഹനത്തിന്റെ ദുരുപയോഗവും |
| 3-1-5 | വാഹന വാടക--സർക്കാർ നിർദ്ദേശത്തിന്റെ ലംഘനം |
| 3-1-6 | വെള്ളക്കരം--സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| 3-2 | നിർവ്വഹണം നടത്താത്ത പ്രോജക്ടിനായി ചെലവ് – 146364 രൂപ നഷ്ടം |
| 3-3 | അഴതമുന്നി കമ്മ്യൂണിറ്റി ഹാൾ--ലക്ഷ്യബോധമില്ലാത്ത പ്രോജക്ട് |
| 3-4 | ഇന്റർലോക്ക് ടൈൽ പതിക്കൽ--അധിക നിരക്ക് നൽകി |
| 3-5 | നിയമാനുസൃതമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല |
| 3-6 | കൺവീനർ പ്രവൃത്തിയിലെ അളവ് പൂർണ്ണമായും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയില്ല |
| 3-7 | കോൺക്രീറ്റ് മിശ്രിതം നൽകുന്നത് അധിക നിരക്ക് |
| 3-8 | ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തികൾ--അപാകതകൾ |
| 3-9 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല |
| 3-10 | സർക്കാർ ഉത്തരവിന് വിരുദ്ധമായി കുടുംബശ്രീയ്ക്ക് ഫണ്ട് നൽകിയത് അനുവദനീയമല്ല |
| 3-11 | സർക്കാർ ഉത്തരവ് മറികടന്ന് പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് അധിക തുക ചെലവഴിച്ചു |
| 3-12 | ദർഘാസ് പരസ്യങ്ങൾക്ക് നിർദ്ദിഷ്ട വലുപ്പം പാലിക്കാത്തത് മൂലമുണ്ടാകുന്ന അധിക ചെലവ് |
| 3-13 | വിനിയോഗ വിവരങ്ങളില്ല--ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |

| | |
|---|---|
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2015-16 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ 2015-16 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015 തീയതിയിലെ 1(1) - തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| മുന്നിരിപ്പ് | 1,15,02,108 | 4,21,22,867 | 3,06,20,759 | 266 |
| വരവ് | 14,50,81,900 | 6,80,90,742 | (7,69,91,158) | (53.06) |
| ആകെ | 15,65,84,008 | 11,02,13,609 | (4,63,70,399) | (29.61) |
| ചെലവ് | 13,75,66,134 | 8,72,23,390 | (5,03,42,744) | (36.59) |
| നീക്കിയിരിപ്പ് | 29,42,100 | 2,29,90,219 | 2,00,48,119 | 681 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ഹാർഡ് കോപ്പി ലഭിച്ച തീയതി | AIMS ൽ ഇ-സബ്മിഷൻ നടത്തിയ തീയതി |
|---|---|---|---|
| 2015-16 | 31.7.2016 | 22.06.2016 | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 16.11.16 | കെ.എസ്.എ-കെ.ടി.എം.പി 14/ജി.പി-30/2016 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പെയ്മെന്റ് അക്കൗണ്ട്, ബാലൻസ്ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,21,22,867 |
| വരവ് | 6,80,90,742 |
| ആകെ | 11,02,13,609 |
| ചെലവ് | 8,72,23,390 |
| നീക്കിയിരിപ്പ് | 2,29,90,219 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 9,23,707 | 30,66,262 | 1,78,33,802 | 1,78,33,802 | 13843833 | 0 |
| വികസനഫണ്ട് എസ്.സി.പി. | 54,30,057 | 59,00,304 | 89,44,817 | 89,44,817 | (2385544) | 0 |
| വികസനഫണ്ട് | 31,09,190 | 30,22,853 | 38,77,853 | 38,77,853 | (2254190) | 0 |

| | | | | | | |
|---|---|---|---|---|---|---|
| ടി.എസ്.പി. | | | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | 63,61,879 | 51,32,529 | 1,14,94,408 | 1,39,36,367 | 2441959* | 0 |
| സംരക്ഷണഗ്രാന്റ് (നോൺ-റോഡ്) | 46,36,767 | 13,25,227 | 13,25,227 | 35,20,035 | (2441959)* | 0 |
| 13-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 34,48,792 | 1,11,12,867 | 99,25,148 | 99,25,148 | (4636511) | 0 |
| പെർഫോമൻസ് ഗ്രാന്റ് | 53,91,010 | 6,82,154 | 15,05,576 | 15,05,576 | (4567588) | 0 |

* സംരക്ഷണ ഗ്രാന്റ് – നോൺ-റോഡിൽ നിന്നും 2441959/- രൂപ റോഡ് വിഭാഗത്തിലേയ്ക്ക് മാറ്റി ചെലവഴിച്ചിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 364 | 13,21,44,135 | 238 | 6,67,00,021 | 22 | 104 | 65 |

പദ്ധതിയുടെ നേട്ടങ്ങളും കോട്ടങ്ങളും

ഉൽപ്പാദന മേഖലയിൽ – പശുവളർത്തൽ, കാലിത്തീറ്റ വിതരണം എന്നിവ നടപ്പാക്കിയതിലൂടെ കാർഷിക മേഖലയിൽ ഉൽപ്പാദനവർദ്ധനവും സാമ്പത്തിക പുരോഗതിയും ഉണ്ടായി. ഇത് പ്രസ്തുത മേഖലയിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടാൻ സഹായിച്ചു.

സേവനമേഖലയിൽ വീട് നിർമ്മാണം, വീട് പുനരുദ്ധാരണം, അങ്കണവാടികളിൽ പോഷകാഹാര വിതരണം, പാലിയേറ്റീവ് പരിചരണം, അലോപ്പതി, ആയുർവ്വേദ, ഹോമിയോ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ, വിവിധ അങ്കണവാടികളുടെ സൗകര്യം മെച്ചപ്പെടുത്തൽ എന്നിങ്ങനെ വൈവിധ്യമാർന്ന പ്രോജക്ടുകളിലൂടെ വിവിധ വിഭാഗം ജനങ്ങൾക്ക് പ്രയോജനം ലഭ്യമാക്കി.

നിരവധി റോഡുകളുടെ ടാറിംഗ്-റീടാറിംഗ് പ്രവൃത്തികൾ, റോഡുകളുടെ കോൺക്രീറ്റിംഗ്, അങ്കണവാടികളുടെ നിർമ്മാണം, വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അനുബന്ധ സൗകര്യം വർദ്ധിപ്പിക്കൽ, തുടങ്ങിയ പ്രോജക്ടുകളിലൂടെ ദുർബല വിഭാഗങ്ങളുൾപ്പെടെയുള്ള ജനവിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെട്ടു.

അംഗീകാരം ലഭിച്ച മുഴുവൻ പ്രോജക്ടുകളും നടപ്പിലാക്കിയില്ലയെന്നത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി. ലഭ്യമാകുന്ന ഫണ്ടുകൾ വാർഡടിസ്ഥാനത്തിൽ വീതം വെയ്ക്കുന്നതിനാൽ ലഭിയ്ക്കുന്ന തുകയ്ക്കനുസരിച്ചുള്ള പ്രവൃത്തി ചെയ്യുന്ന സമീപനമാണ് മരാമത്ത് വേലകളിൽ സ്വീകരിച്ച് പോരുന്നത്. അതിനാൽ പല പ്രവൃത്തികളും പൂർത്തിയാകാതെ അവശേഷിക്കുന്നു. പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിലെ ഏറ്റവും പ്രധാന കോട്ടവും ഇതാണ്.

പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി രൂപീകരണം, മോണിട്ടറിംഗ് എന്നിവയിൽ നിർണ്ണായകമായ പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല.
2) ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് പകരം താരതമ്യേന ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു. (ഉദാ: പശ്ചാത്തല മേഖലയിലെ റോഡ് നിർമ്മാണ പ്രോജക്ടുകൾ)

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1.93 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 56,79,881 | 58,07,513 | 1,27,632 | 2.25 |
| നികുതിയേതര വരവുകൾ | 17,15,300 | 16,43,108 | 72,192 | (-)(4.21) |
| മറ്റുവരവുകൾ | 1,16,966 | 2,06,847 | 89,881 | 76.84 |
| ആകെ | 75,12,147 | 76,57,468 | 1,45,321 | (+)1.93 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,59,720 | 110 |
| കർഷകതൊഴിലാളി പെൻഷൻ | 17,52,540 | 194 |
| വിധവാപെൻഷൻ | 99,11,680 | 938 |
| വാർദ്ധക്യകാലപെൻഷൻ | 70,07,760 | 1410 |
| വികലാംഗപെൻഷൻ | 46,12,770 | 408 |
| 50 വയസ്സിനുമുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 3,24,080 | 31 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.16 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 72428/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു. ഇംപ്രസ്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വാർഷിക കണക്കുകൾ പ്രകാരമുള്ള ഇംപ്രസ്റ്റ് ഭൗതികപരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1) വസ്തുനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിവരങ്ങൾ സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് രാജ് ആക്ടിലെ 207 വകുപ്പ് പ്രകാരം വസ്തുനികുതി, സേവന ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങളും അവ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടതിനുള്ള കാരണങ്ങളും ഒരു പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിച്ച് പോരേണ്ടതാണെന്ന് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3(6) നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇപ്രകാരം ഒരു രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ട നിരവധി കെട്ടിടങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും അവ നിയമപരമായി തന്നെയാണോ ഒഴിവാക്കപ്പെട്ടതെന്ന് വ്യക്തമല്ല.

2) അസാധാരണ ചെലവുകൾ- രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണചെലവുകൾ) ചട്ടങ്ങൾ ചട്ടം-5 പ്രകാരം അസാധാരണ ചെലവുകൾക്ക് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ ഇപ്രകാരമുള്ള ഒരു രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

വൗച്ചറുകളുടെ സൂക്ഷിപ്പ്-

വൗച്ചറുകൾ മാസാടിസ്ഥാനത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകളിലെ ചെലവുകളെ സാധൂകരിക്കുന്ന അനുബന്ധ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമാണ്. എന്നാൽ തെരുവ് -വിളക്കുകളുടെ ഇനം, തരം എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.11.2016 | 10/16 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.03.2015- 24.03.2015 | 2009-10 മുതൽ 2013-14 വരെ | LBA (HQ)/II /8a-2305/40 17.06.2015 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം

2015-16 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1) 26.07.2011 ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി.യിലെ നിർദേശം പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2) നികുതി/നികുതിയേതര വരവിന്റെ യഥാർത്ഥകണക്കുകൾ ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല. സാക്ഷ്യപ്പെടുത്തിയ ഡി.സി.ബി പത്രികയുടെ അഭാവം കാരണം വസ്തുനികുതി, ഡി&ഒ ലൈസൻസ് ഫീസ്, ട്രേഡേഴ്സിന്റെ തൊഴിൽനികുതി എന്നിവയുടെ കൃത്യത ഉറപ്പാക്കാനായില്ല.

3) വിമുക്തഭടൻമാരുടെ നിശ്ചിതപരിധി തറവിസ്തീർണ്ണത്തിൽ താഴെയുള്ള വീടുകളുടെ വസ്തുനികുതി ഒഴിവാക്കാനായി അപേക്ഷ സ്വീകരിക്കുകയും അപേക്ഷകരെ നികുതി ബാധ്യതയിൽനിന്നും ഒഴിവാക്കുകയും ചെയ്യുന്നുണ്ടെങ്കിലും ടി ഒഴിവാക്കലുകൾ സഞ്ചയ വസ്തുനികുതി ഡിമാൻഡിൽ നിന്നും ഒഴിവാക്കാത്തത് വസ്തുനികുതി സംബന്ധിക്കുന്ന ഡിമാൻഡ് പെരുപ്പിച്ച് കാണാനിടയാക്കുന്നു.

## 2-2-1 ലോഡ്ജ് കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ നികുതി ചുമത്തി- നികുതി നിർണ്ണയിക്കാത്ത കെട്ടിടത്തിൽ ലോഡ്ജ് പ്രവർത്തിക്കുന്നു

ഡൊമനിക്ക്, കല്ലുകുളങ്ങര, എരുമേലി പി.ഒ. എന്നയാളുടെ പേരിൽ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിട നമ്പർ 6/720 S എന്ന കെട്ടിടം (180.55 ച.മീ) ആറ് മുറികളും ടോയ്‌ലറ്റുമായി പാർപ്പിടാവശ്യത്തിനായി 4.12.2013 ൽ നികുതി നിർണ്ണയിച്ചിട്ടുള്ളതാണ്. ടി കെട്ടിടത്തിന്റെ നികുതി നിർണ്ണയം നാളിതുവരെ സഞ്ചയ ഡേറ്റാബേസിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ കെട്ടിടം എരുമേലി പാലസ് എന്ന പേരിലുള്ള ലോഡ്ജ് കെട്ടിടമായാണ് ഉപയോഗിക്കുന്നതെന്ന് 15.11.16 ലെ സ്ഥലപരിശോധനയിൽ ഓഡിറ്റ് സംഘത്തിന് ബോധ്യപ്പെട്ടു. കൂടാതെ ഇതിന് മുകളിലായി 180.55 ച.മീറ്റർ വിസ്തൃതിയിൽ ആറ് മുറികളും ലോഡ്ജിനായി നിർമ്മിച്ചിട്ടുണ്ട്. ടി മുറികളുടെ വസ്തുനികുതി നാളിത് വരെ നിർണ്ണയിച്ചിട്ടില്ല. എരുമേലി പാലസ് എന്ന പേരിൽ പ്രവർത്തിക്കുന്ന, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച ആറ് മുറികളുടെയും (6/720 S) അതിന് മുകളിലായി നിർമ്മിച്ച ആറ് മുറികളുടെയും നികുതി ലോഡ്ജ് മുറികളെന്ന് കണക്കാക്കി നികുതി നിർണ്ണയിച്ചീടാക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നു. നികുതി താഴെ പറയും പ്രകാരം നിർണ്ണയിച്ചീടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നികുതി പുന:നിർണ്ണയം നടത്തേണ്ടതിന്റെ വിവരങ്ങൾ

| ചുമത്തിയ വസ്തുനികുതി | ചുമത്തേണ്ട വസ്തുനികുതി | കുറവ് |
|---|---|---|
| 180.55X6=1083.3<br>വർദ്ധനവ്-216.66<br>ആകെ-1300 | 180.55X40=7222<br>വർദ്ധനവ്-1444.4<br>ആകെ-8665 | 7365 |

പുതിയതായി നികുതി നിർണ്ണയിക്കേണ്ടതിന്റെ വിവരങ്ങൾ

| ചുമത്തേണ്ട വസ്തുനികുതി |
|---|
| 180.55X40=7222<br>വർദ്ധനവ്-1444.4 (റോഡ്-20%)<br>ആകെ-8667/-രൂപ |

ടി ലോഡ്ജിനെ ശരിയായി നികുതി ചുമത്താത്തത് പഞ്ചായത്ത് ഫണ്ടിന് 16032/- രൂപയുടെ നഷ്ടമുണ്ടാക്കി. നികുതി പുനർനിർണ്ണയിച്ചും നികുതി നിർണ്ണയിക്കപ്പെടാത്ത ഭാഗത്തെ നികുതി ചുമത്തിയും വിവരം അറിയിക്കേണ്ടതാണ്.

## 2-2-2 ലോഡ്ജ് കെട്ടിടങ്ങളുടെ വസ്തുനികുതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല

തീർത്ഥാടന കേന്ദ്രമായ എരുമേലിയിൽ നിരവധി ലോഡ്ജുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ലോഡ്ജുകളെ സംബന്ധിക്കുന്ന വിവരങ്ങൾ കൃത്യമായി പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. പല ലോഡ്ജുകളും പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ നികുതി നിർണ്ണയിയ്ക്കാത്തവയോ, മറ്റ് ഉപയോഗക്രമങ്ങളുടെ നിരക്കിൽ നികുതി നിർണ്ണയിച്ചവയോ ആണ്.

1) എരുമേലി പാലസ് എന്ന പേരിൽ ഇരുപത്തിയൊന്നാം വാർഡിൽ പ്രവർത്തിക്കുന്ന ലോഡ്ജ് പഞ്ചായത്തിന്റെ വസ്തുനികുതി ഡേറ്റാബേസിൽ ഉൾപ്പെടുന്നില്ല. സ്ഥല പരിശോധനയിൽ വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടത്തിന്റെ മുകളിലായി 8 മുറികൾ നിർമ്മിച്ച് ലോഡ്ജ് നടത്തുന്നതായി കാണുന്നു. ടി ലോഡ്ജിന്റെ ലൈസൻസ് സംബന്ധിക്കുന്ന വിവരങ്ങളും പഞ്ചായത്തിന്റെ പക്കൽ ലഭ്യമായിരുന്നില്ല. ഇതേ പേരിൽ ഇരുപതാം വാർഡിൽ പ്രവർത്തിക്കുന്ന ലോഡ്ജിന്റെ വിവരങ്ങളും പഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാബേസിൽ ലഭ്യമല്ല.

2) ശബരി ലോഡ്ജ് പ്രവർത്തിക്കുന്നത് ഹോസ്പിറ്റലായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിലാണ്. (കെട്ടിട നമ്പർ-7/355, ബിജി എബ്രഹാം). എരുമേലി പാലസ്, ശബരി എന്നീ ലോഡ്ജുകളുടെ ഉപയോഗക്രമത്തിനനുസൃതമായ വസ്തുനികുതി ചുമത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ മറ്റ് ലോഡ്ജുകൾ സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായി ശേഖരിച്ച് ഉപയോഗക്രമത്തിനനുസൃതമായി നികുതി ചുമത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഇത് സംബന്ധിക്കുന്ന റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 2-2-3 ക്ഷീര സംഘങ്ങളുടെ ഓഫീസുകൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചത്

ക്ഷീര സംഘങ്ങളുടെ കെട്ടിടങ്ങളെ വ്യവസായ ആവശ്യങ്ങൾക്കുള്ള ഷെഡ്ഡുകൾക്കുള്ള നിരക്കായ 15 രൂപ/ ച.മീറ്റർ നിരക്കിലാണ് വസ്തുനികുതി ചുമത്തിയിരിക്കുന്നത്. പാൽ സംഭരണവും വിപണനവും നടത്തുന്ന ക്ഷീരസംഘങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ള നികുതി ചുമത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ അന്വേഷണക്കുറിപ്പിൽ സഞ്ചയയിൽ ലഭ്യമായ നിരക്കിലാണ് നികുതി ചുമത്തിയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. പാൽ വിപണനം നടത്തുന്ന ഇത്തരം സംഘങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചീടാക്കി വിവരം അറിയിക്കേണ്ടതാണ്. നികുതി ചുമത്തിയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | ഉടമയുടെ പേര് | ചുമത്തിയ വസ്തുനികുതി @15/ച.മീ |
|---|---|---|
| 2/437 A | ജോസഫ് ജെയിംസ്, ക്ഷീരോത്പാദക സഹകരണ സംഘം | 56.32X15=844.8<br>വർദ്ധനവ്- 20% -168.96<br>1014 |
| 14/489 B | ക്ഷീരോത്പാദക സഹകരണ സംഘം | 69.58 X15=1043.7<br>വർദ്ധനവ്- 20% -208.74<br>1253 |
| 14/489 A | ക്ഷീരോത്പാദക സഹകരണ സംഘം | 61 X15=915<br>വർദ്ധനവ്- 20% -183<br>1098 |

## 2-2-4 നികുതി, ഉപനികുതിയിനങ്ങളിൽ അനധികൃത ഇളവുകൾ

എരുമേലി ഗ്രാമ പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സഞ്ചയ റവന്യൂമൊഡ്യൂൾ- പ്രോപ്പർട്ടി ടാക്സ് പരിശോധിച്ചതിൽ, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ -207 പ്രകാരം നികുതി നിർണയത്തിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ലിസ്റ്റ് ഉള്ളതായി കണ്ടു. എന്നാൽ നിയമപരമായി നികുതി ഒഴിവാക്കപ്പെടേണ്ട കെട്ടിടങ്ങൾക്കുപുറമേ നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങളും ഈ ലിസ്റ്റിൽ ഉൾപ്പെട്ടതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | കെട്ടിട നം-തറവിസ്തൃതി | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 19/210A-<br>1779 ച.മീ | ജനറൽ സെക്രട്ടറി, എം.ഇ.എസ്. |
| 2 | 19/208<br>1700 ച.മീ | ജനറൽ സെക്രട്ടറി, എം.ഇ.എസ്. |
| 3 | 15/355 | സെക്രട്ടറി, എസ്.എൻ.ഡി.പി-1534 |

| | | |
|---|---|---|
| 4 | 6/442A | കെ.എസ്.ആർ.ടി.സി-എരുമേലി |
| 5 | 13/173 | ഫോറസ്റ്റ് റേഞ്ച് ഓഫീസ് |

(ലിസ്റ്റ് പൂർണ്ണമല്ല.)

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ എം.ഇ.എസ്സിന്റെ പേരിലുള്ള കെട്ടിടം വിദ്യാഭ്യാസ ആവശ്യത്തിനായി ഉപയോഗിക്കുന്നതിനാലാണ് വസ്തുനികുതി ഒഴിവാക്കിയതെന്നും മറ്റുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. എന്നാൽ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്- 207(ബി എ) പ്രകാരം ഹയർ സെക്കൻഡറി തലം വരെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാത്രമാണ് വസ്തുനികുതി ചുമത്തലിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. എം.ഇ.എസ്. കോളേജ്, എരുമേലി എന്നത് ഒരു സ്വകാര്യ സാശ്രയ കോളേജാണ്.

അനർഹമായ വസ്തുനികുതി ഇളവുകൾ ലഭിക്കുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് ഡിമാൻഡ് ചെയ്യീടാക്കേണ്ടതാണ്. അല്ലാത്തപക്ഷം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടമായി കണക്കാക്കുന്നതാണ്.

## 2-2-5 100 ച.മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വിഭജിച്ച് കുറഞ്ഞ നിരക്ക് ചുമത്തിയത് മൂലം നഷ്ടം

തദ്ദേശസ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011/ തസ്വഭവ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ച.മീറ്ററിന് 60 രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് (നം-A110115/2011 /തീയതി 13.12.2011). എന്നാൽ പഞ്ചായത്ത് നികുതി നിർണ്ണയം നടത്തിയ 100 ച.മീറ്ററിലധികമുള്ള വാണിജ്യാവശ്യത്തിനുള്ള ചുവടെ ചേർക്കുന്ന കെട്ടിടത്തെ ച.മീറ്ററിന് അൻപത് രൂപ നിരക്കിൽ മാത്രമാണ് നികുതി ചുമത്തിയത്. ഇത് പഞ്ചായത്ത് ഫണ്ടിന് 1260/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിച്ചീടാക്കേണ്ടതാണ്.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നം | തറ വിസ്തീർണ്ണം | ചുമത്തിയ വസ്തു നികുതി | ചുമത്തേണ്ട വസ്തുനികുതി | കുറവ് |
|---|---|---|---|---|---|
| ഹബീബ് മുഹമ്മദ്, കൊച്ചുപഴയതാവളം | 7/829 N | 40.8 | 2040+ 408(വർദ്ധനവ്- റോഡ്) =2448 | ആകെ വിസ്തീർണ്ണം= 107.84 അടിസ്ഥാന വസ്തുനികുതി = 107.84*60 ആകെ=6470.4 വർദ്ധനവ്= 1294.04 ഇളവ്= 19401 ആകെ നികുതി= 7571 | |
| | 7/829 O | 13.12 | 656+ 131.2(വർദ്ധനവ്- റോഡ്) =788 | | |
| | 7/829 P | 40.8 | 2040+ 408(വർദ്ധനവ്- റോഡ്) =2448- 122.4(ഇളവ്-ഒന്നാംനില) =2326 | | |

| | | | | | |
|---|---|---|---|---|---|
| | 7/829Q | 13.12 | 656+<br>131.2(വർദ്ധനവ്- റോഡ്)<br>=788-<br>39.4(ഇളവ്-ഒന്നാംനില)<br>=749 | | 1260 |

## 2-2-6 വിമുക്തഭടൻമാരല്ലാത്തവർക്ക് വസ്തുനികുതിയിളവ് നൽകി

കര, നാവിക, വ്യോമസേനകളിലെ സൈനിക വിഭാഗത്തിൽനിന്ന് റിട്ടയർ ചെയ്തവരെയാണ് വിമുക്തഭടൻമാർ എന്ന് വിവക്ഷിക്കുന്നത്. വിമുക്തഭടൻമാർക്ക് നൽകുന്ന ആനുകൂല്യം പാരാമിലിട്ടറി വിഭാഗങ്ങളിൽ നിന്നും വിരമിച്ചവർക്ക് ബാധകമല്ല.(തദ്ദേശസ്വയം ഭരണ വകുപ്പിൽ നിന്നും പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച കത്ത് നം-4559/എൻ2/06/തസ്വഭവ തീ-17.05.06 കാണുക). സാമ്പത്തിക വർഷം പഞ്ചായത്ത് വസ്തുനികുതിയിളവ് നൽകിയ വിമുക്തഭടൻമാരല്ലാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, വീട്ടുപേര് | കെട്ടിട നം. | വിഭാഗം | വസ്തുനികുതി |
|---|---|---|---|
| വി.എൻ.പൊന്നപ്പൻ<br>വട്ടുകളത്തിൽ | 9/24 | CRPF | 756 |
| പി.കെ.രഘുനാഥൻ<br>പാത്തിക്ക കാവുങ്കൽ<br>മുട്ടപ്പള്ളി | 16/477 | BSF | 490 |
| രതീഷ് കുമാർ വി.കെ.<br>വാരിയവീട്ടിൽ | 2/452 | ASSAM RIFLES | 588 |

വിമുക്തഭടൻമാരല്ലാത്തവരുടെ വസ്തുനികുതിയിളവ് അംഗീകരിക്കുന്നില്ല. ടി കെട്ടിട ഉടമകളെ നികുതി ചുമത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | അസ്സീസ്സി ഹോസ്പിറ്റൽ മുക്കൂട്ടുതറ | ഒന്നും രണ്ടും |
| 2 | അസ്സീസ്സി നഴ്സിംഗ് കോളേജ് മുക്കൂട്ടുതറ | ഒന്നും രണ്ടും |
| 3 | കണമല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ഒന്നാം അർദ്ധവർഷം |
| 4 | ദേവസ്വം ബോർഡ് ഓഫീസ് എരുമേലി | ഒന്നും രണ്ടും |

മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടും പല സ്ഥാപനങ്ങളിൽ നിന്നും തൻ വർഷവും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് എൻക്വയറിനം 5ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3-2 സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

1958-ലെ കേരള മണി ലെൻഡിംഗ് നിയമ പ്രകാരം ലൈസൻസ് നേടിയിട്ടുള്ളതും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നതുമായ നിരവധി പണമിടപാട് സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ തൊഴിൽ നികുതി പട്ടികയിൽ നാളിതുവരെ ഉൾപ്പെട്ടിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3, 4, എന്നിവ അനുശാസിക്കും പ്രകാരം റിട്ടേൺ സമർപ്പിക്കുന്നതിന് നോട്ടീസ് നൽകേണ്ടതും സമർപ്പിക്കുന്ന റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതുമാണ്. തൊഴിൽ നികുതി പരിധിയിൽ വരാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | മാളിയേക്കൽ ബാങ്കേഴ്സ്, പള്ളിക്കൽ ബിൽഡിംഗ്സ്, എരുമേലി |
| 2 | ഏഞ്ചൽ ഫിനാൻസ്, കണ്ടത്തിൽ മെഡിക്കൽ ബിൽഡിംഗ്സ്, മുക്കൂട്ടുതറ |
| 3 | കരിനാട്ട് ഫൈനാൻസിയേഴ്സ്, പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, മുക്കൂട്ടുതറ |
| 4 | ഗോൾഡ് ലോൺ കണ്ടത്തിൽ, മുക്കൂട്ടുതറ |
| 5 | ചാലക്കുഴി ബാങ്കേഴ്സ് ചാലക്കുഴി ബിൽഡിംഗ്സ്, എരുമേലി |
| 6 | മാളിയേക്കൽ ഫൈനാൻസിയേഴ്സ്, മുക്കൂട്ടുതറ |
| 7 | രാജ് ഫൈനാൻസിയേഴ്സ് ഏറംപ്ലാക്കൽ ബിൽഡിംഗ്സ്, മുക്കൂട്ടുതറ |

മുൻ റിപ്പോർട്ടുകളിലും ആവർത്തിച്ച് പരാമർശിച്ചിട്ടും മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളെ തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-8ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി. എരുമേലി | ഒന്നും രണ്ടും |
| 2 | ബി.എസ്.എൻ.എൽ.എരുമേലി | ഒന്നും രണ്ടും |
| 3 | കെ.എസ്.ആർ.ടി.സി.എരുമേലി | ഒന്നും രണ്ടും |
| 4 | ഫെഡറൽ ബാങ്ക് എരുമേലി | ഒന്നാം അർദ്ധവർഷം |

| | | |
|---|---|---|
| | | |
| 5 | കാത്തലിക് സിറിയൻ ബാങ്ക് ചേനപ്പാടി | രണ്ടാം അർദ്ധവർഷം |
| 6 | എസ്.ബി.റ്റി. മുക്കൂട്ടുതറ | ഒന്നാം അർദ്ധവർഷം |
| 7 | കെ.എസ്.എഫ്.ഇ. എരുമേലി | ഒന്നാം അർദ്ധവർഷം |
| 8 | അസ്സീസി ഹോസ്പിറ്റൽ മുക്കൂട്ടുതറ | ഒന്നും രണ്ടും |
| 9 | അസ്സീസ്സി നഴ്സിംഗ് കോളേജ് മുക്കൂട്ടുതറ | ഒന്നും രണ്ടും |
| 10 | മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ് എരുമേലി | ഒന്നും രണ്ടും |
| 11 | മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ് മുക്കൂട്ടുതറ | ഒന്നും രണ്ടും |
| 12 | ഡോറാ ട്രസ്റ്റ് കുട്ടപ്പുഴ | ഒന്നും രണ്ടും |
| 13 | എരുമേലി എസ്റ്റേറ്റ് പ്രൊപ്പോസ് | രണ്ടാം അർദ്ധവർഷം |
| 14 | കടുക്കാവള്ളി എസ്റ്റേറ്റ് | രണ്ടാം അർദ്ധവർഷം |
| 15 | ഷെർക്കിഡ് ഇന്റർ നാഷണൽ പ്രീ സ്കൂൾ | ഒന്നും രണ്ടും |
| 16 | നിർമ്മല പബ്ലിക് സ്കൂൾ എരുമേലി | ഒന്നും രണ്ടും |
| 17 | സാൻതോം പബ്ലിക് സ്കൂൾ ചേനപ്പാടി | ഒന്നും രണ്ടും |
| 18 | എം.ഇ.എസ്. കോളേജ് എരുമേലി | ഒന്നും രണ്ടും |
| 19 | സർവ്വീസ് സഹകരണ ബാങ്ക് എരുമേലിയുടെ ചേനപ്പാടി, പഴയിടം, മണിപ്പുഴ ശാഖകൾ | ഒന്നാം അർദ്ധവർഷം |
| 20 | മീനച്ചിൽ ഈസ്റ്റ് അർബൻ ബാങ്ക് എരുമേലി | ഒന്നാം അർദ്ധവർഷം |
| 21 | കാഞ്ഞിരപ്പള്ളി കോ- ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ & റൂറൽ ഡെവലപ്മെന്റ് ബാങ്ക് | ഒന്നും രണ്ടും |
| 22 | മീനച്ചിൽ ഈസ്റ്റ് അർബൻ ബാങ്ക് മുക്കൂട്ടുതറ | ഒന്നും രണ്ടും |

മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടും പല സ്ഥാപനങ്ങളിൽ നിന്നും തൻ വർഷവും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിനം 6ന് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികൾ സ്വീകരിക്കാത്തപക്ഷം നികുതി നഷ്ടം കാലാകാലങ്ങളിലെ സെക്രട്ടറിയുടെയും സെക്ഷൻ ക്ലാർക്കിന്റെയും ബാദ്ധ്യതയായി പരിഗണിച്ച് അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

## 2-5 ഓരുങ്കൽ കടവ് കംഫർട്ട് സ്റ്റേഷൻ ലേലം -4190 രൂപ നാളിതുവരെ ഒടുക്കിയില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 28.10.2015 ലെ A4-01/15-16 നമ്പർ ലേല നോട്ടീസ് പ്രകാരം 06.11.15- ൽ നടത്തിയ ലേലത്തിൽ ഓരുങ്കൽ കടവ് കംഫർട്ട് സ്റ്റേഷൻ 41000/രൂപയ്ക്ക് ശ്രീ.ഷാഫി പി.എസ്. വിലങ്ങുപാറ എന്നയാൾ ലേലം കൊണ്ടു. ഇ. എം. ഡി. ഇനത്തിൽ 11502104530/ 6.11.15 രസീത് പ്രകാരം ഒടുക്കിയ 2500/ രൂപയും, 1150210453/6.11.15 നമ്പർ രസീത് പ്രകാരം ഒടുക്കിയ 18000/രൂപയും ഉൾപ്പടെ 20500/രൂപ ലേല തുകയുടെ പകുതിയായി ടിയാൾ ഒടുക്കി. 16.11.15ൽ എ4-01/15നമ്പർ കത്ത് മുഖേന പഞ്ചായത്ത് അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയുടെ 11.11.15ലെ 3(2) നമ്പർ തീരുമാന പ്രകാരം ലേല നടപടി അംഗീകരിച്ചിട്ടുണ്ട് എന്നും ഈ നോട്ടീസ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ ലേലതുകയിൽ അടയ്ക്കുവാൻ അവശേഷിക്കുന്ന തുക പഞ്ചായത്തിൽ അടയ്ക്കേണ്ടതും, പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ് എന്നും അല്ലാത്ത പക്ഷം താങ്കളുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തുന്നതാണ് എന്നും അറിയിച്ചിരുന്നു. എന്നാൽ ലേലം കൊണ്ട ശ്രീ.ഷാഫി പി.എസ്. ലേലതുകയിൽ അടയ്ക്കുവാൻ അവശേഷിക്കുന്ന തുക (20500/രൂപ) ഗ്രാമ പഞ്ചായത്തിൽ ഒടുക്കിയില്ല എന്നുമാത്രമല്ല കംഫർട്ട് സ്റ്റേഷൻ പിരിവ് നടത്തുകയും ചെയ്തു.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 28.10.2015 ലെ A4-01/15-16 നമ്പർ ലേല നോട്ടീസിലെ വ്യവസ്ഥകളിൽ ക്രമ നമ്പർ 6 പ്രകാരം ലേലം കൊള്ളുന്നവർ ലേലം താല്ക്കാലികമായി ഉറപ്പിച്ചാലുടൻ ലേല തുകയുടെ പകുതി തുക അപ്പോൾ തന്നെ പണമായി ഒടുക്കേണ്ടതും ലേലം സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിച്ച് 7 ദിവസങ്ങൾക്കുള്ളിൽ 200 രൂപയുടെ മുദ്ര പത്രത്തിൽ പഞ്ചായത്തുമായി കരാർ വെച്ച് ലേല തുകയുടെ ബാക്കി തുക അടച്ച് പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. അല്ലാത്തപക്ഷം ലേലം ഇനത്തിൽ കെട്ടിവെച്ച മുഴുവൻ തുകയും പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം /ക്വട്ടേഷൻ നടത്തേണ്ടതാണ്. മേൽ വ്യവസ്ഥ ലംഘിച്ച ലേലക്കാരനെതിരെ ടി വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിച്ച് ടിയാൾ പഞ്ചായത്തിൽ ഒടുക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി ടിയാളുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം/ക്വട്ടേഷൻ നടത്താതെ കംഫർട്ട് സ്റ്റേഷൻ പിരിവ് ടിയാളെക്കൊണ്ട് നടത്തിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 15 ന് ലഭ്യമാക്കിയ മറുപടി സ്വീകാര്യമല്ല.

2016-17 വർഷത്തെ ലേല നോട്ടീസ് പുറപ്പെടുവിച്ച സമയത്ത് 21.10.2016ൽ 11602103635 നമ്പർ രസീത് പ്രകാരം ഒടുക്കുവാനുള്ള തുകയിൽ 16310 രൂപയും പലിശ ഇനത്തിൽ 3690 രൂപയും ഉൾപ്പടെ 20000 രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത കണക്ക് പ്രകാരം ടിയാൾ 4190 രൂപ ഇനിയും ഒടുക്കുവാനവശേഷിക്കുന്നു. ലേല നോട്ടീസിലെ വ്യവസ്ഥകളിൽ ക്രമ നമ്പർ 6 പ്രകാരം നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും. ഒടുക്കുവാനവശേഷിക്കുന്ന 4190 രൂപ പലിശ സഹിതം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 2-6 ഡി&ഒ ട്രേഡ് ലൈസൻസ് അപാകതകൾ

2015-16 സാമ്പത്തിക വർഷം 470 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിരുന്നു. 2014-15 വർഷം 517 സ്ഥാപനങ്ങളാണ് ലൈസൻസ് നേടിയിരുന്നത്. മുൻവർഷത്തേക്കാൾ 47 സ്ഥാപനങ്ങൾ കുറവ് വന്നിട്ടുണ്ട്. തൻവർഷം പുതുതായി ലൈസൻസ് നേടിയ സ്ഥാപനങ്ങൾ കൂടി കണക്കാക്കുമ്പോൾ

ലൈസൻസ് നേടാതെ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ എണ്ണം ഇതിലും വർദ്ധിക്കുന്നു. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ചട്ടം 10 പ്രകാരം ഏതൊരു സ്ഥാപനവും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപായി ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2015-16 സാമ്പത്തിക വർഷം മേൽ ചട്ടപ്രകാരമല്ല ഭൂരിഭാഗം സ്ഥാപനങ്ങളും ലൈസൻസ് പുതുക്കിയിട്ടുള്ളത്. പരിശോധനയ്ക്ക് ലഭ്യമാക്കിയ അപേക്ഷകളിൽ ഭൂരിപക്ഷം അപേക്ഷകളിലും ആവശ്യം ഉണ്ടായിരിക്കേണ്ട വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അന്വേഷണ റിപ്പോർട്ടിൽ സ്ഥാപനത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ചേർക്കുന്നില്ല. മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും അംഗീകാരം നേടി പ്രവർത്തിക്കേണ്ട പല സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഇത്തരം അനുമതിപത്രങ്ങൾ ഉള്ളടക്കം ചെയ്തിട്ടില്ല. ഇതുമൂലം സ്ഥാപനത്തിന് തൻവർഷം വിവിധ വകുപ്പുകളുടെ അംഗീകാരം ഉണ്ടോ എന്ന് പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. മാത്രമല്ല സ്ഥാപനത്തെ സംബന്ധിക്കുന്ന പ്രസക്തമായ പല വിവരങ്ങളും ഇത്തരം സർട്ടിഫിക്കറ്റുകളിൽനിന്നും ലഭ്യമാണെന്നിരിക്കെ അനുമതിപത്രങ്ങളുടെ അഭാവം മൂലം പരിശോധനകൾക്ക് പ്രയാസം നേരിടുന്നു. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ, ക്ഷീരോത്പാദക സംഘങ്ങൾ, റബർ ഉൽപാദക സംഘങ്ങൾ എന്നിവയൊന്നും നാളിതുവരെ ലൈസൻസ് പരിധിയിൽ വന്നിട്ടില്ല. ശ്രീ.പി.എം.നിസാർ പനച്ചിപ്പുറമ്പിൽ എന്നയാൾ പെട്രോൾ പമ്പിന്റെ ലൈസൻസ് പുതുക്കുന്നതിനായി നൽകിയ അപേക്ഷയിലെ വിവരങ്ങൾ പ്രകാരം 20 കിലോ ലിറ്റർ പെട്രോളും, 40 കിലോ ലിറ്റർ ഡീസലും വിൽപന നടത്തുന്നതിനുള്ള ലൈസൻസ് ഉള്ള സ്ഥാപനമാണ് എന്ന് വ്യക്തമാകുന്നു. ടിയാളിൽ നിന്നും 2000/രൂപ മാത്രമാണ് ഫീസ് ഈടാക്കിയിട്ടുള്ളത്. ശ്രീ ജിജോ കെ.ആന്റണി കൊണ്ടാട്ടുകുന്നേൽ എന്നയാളുടെ പെട്രോൾ പമ്പിന്റെ ലൈസൻസ് പുതുക്കുന്നതിനായി നൽകിയ അപേക്ഷയിലെ വിവരങ്ങൾ പ്രകാരം 15000 ലിറ്റർ പെട്രോളും, 15000 ലിറ്റർ ഡീസലും വിൽപന നടത്തുന്നതിനുള്ള ലൈസൻസ് ഉള്ള സ്ഥാപനമാണ് എന്ന് വ്യക്തമാകുന്നു. ടിയാളിൽ നിന്നും 500/രൂപ മാത്രമാണ് ഫീസ് ഈടാക്കിയിട്ടുള്ളത്. ഇത്തരത്തിൽ പരമാവധി ഫീസ് ഈടാക്കാവുന്ന സ്ഥാപനങ്ങളിൽ നിന്നും അപ്രകാരം ഫീസ് ഈടാക്കുന്നില്ല എന്ന് വ്യക്തമാകുന്നു. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ലൈസൻസ് സംബന്ധിച്ച രജിസ്റ്റർ എഴുതി പൂർത്തിയാക്കി ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. ഡി.സി.ബി തയ്യാറാക്കാതെയാണ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയത്. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതും, ഈ ഇനത്തിൽ ഉണ്ടാകുന്ന നഷ്ടം അവസാനിപ്പിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ബസ് സ്റ്റാന്റ് ഫീസ് പിരിവ് - രസീത് നല്കാതെ പണപിരിവ് - ലേല ഇനത്തിൽ ഉൾപ്പെടാത്ത ഇനത്തിന് ഫീസ് പിരിവ്

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ എ4-1511/15 തീയതി- നമ്പർ ലേല നോട്ടീസ് പ്രകാരം പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ബസ് സ്റ്റാന്റിൽ കയറി ഇറങ്ങുന്ന ബസുകളിൽ നിന്നും ഫീസ് പിരിക്കുന്നതിനുമുള്ള അവകാശം മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. ഇതുപ്രകാരം 16.6.15 ൽ നടത്തിയ ലേല പ്രകാരം ബസ് സ്റ്റാന്റിൽ കയറി ഇറങ്ങുന്ന ബസുകളിൽ നിന്നും ബസ്സൊന്നിന് പ്രതിദിനം 6രൂപ നിരക്കിൽ ഫീസ് പിരിക്കുന്നതിനുമുള്ള അവകാശം മാത്രമാണ് ശ്രീ. അൻസാരി.എം.ഇ. മാവുങ്കൽപുരയിടം എന്നയാൾക്ക് ഉറപ്പിച്ചുനൽകിയിട്ടുള്ളത്. ബസ്സുകളുടെ സമയവിവരം അനൗൺസ് ചെയ്ത് ആയതിനുള്ള ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേല നോട്ടീസ് പ്രകാരം ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ കുത്തകാവകാശം ലഭിച്ച ശ്രീ.അൻസാരി ബസ്സുകളുടെ സമയവിവരം അനൗൺസ് ചെയ്ത് ആയതിന്റെ ഫീസ്

ഇനത്തിൽ ബസ്സൊന്നിന് പ്രതിദിനം 6രൂപ നിരക്കിൽ ഫീസ് ഈടാക്കിവരുന്നതായി 15.11.16-ൽ നടത്തിയ സ്ഥലപരിശോധനാ സമയത്ത് ശ്രീ. അൻസാരി ബോധിപ്പിച്ചിട്ടുണ്ട് . ഫീസുകൾ പിരിക്കുന്നതിന് ടിയാൾ നാളിതുവരെ രസീത് ബുക്ക് അച്ചടിച്ച് പഞ്ചായത്തിൽ നിന്ന് സീൽ ചെയ്ത് വാങ്ങിയിട്ടില്ല, ബസ്സുകൾക്ക് രസീത് നൽകിയിട്ടുമില്ല.

ലേലം ചെയ്ത് നൽകുന്നതിന് മുമ്പ് നടത്തിയ പിരിവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.
2015-16 സാമ്പത്തിക വർഷത്തേക്കുള്ള ഫീസ് പിരിക്കുന്നതിനുള്ള അവകാശം 13.03.16, 9.4.15, 28.4.15 എന്നീ തീയതികളിൽ ലേലവും, പുനർ ലേലവും നടത്തി എങ്കിലും ലേലത്തിൽ ആരും പങ്കെടുത്തില്ല. തുടർന്ന് പഞ്ചായത്ത് കമ്മറ്റിയുടെ 25.3.15ലെ V(3) നമ്പർ തീരുമാനപ്രകാരം 1.4.15 മുതൽ പുനർ ലേലം ചെയ്യുന്നതുവരെ ടോൾ പിരിക്കുന്നതിന് പ്രതിദിനം 400/രൂപ പ്രതിഫലത്തിൽ ശ്രീ.അൻസാരി എം.ഇ. മാവുങ്കൽ പുരയിടം എന്നയാളെ താത്കാലികമായി ചുമതലപ്പെടുത്തി. എന്നാൽ ഫീസ് പിരിക്കുന്നതിന് ടിയാൾക്ക് രസീത് ബുക്ക് അച്ചടിച്ച് നൽകിയില്ല. 1.4.15 മുതൽ 31.7.15 വരെ ടിയാൾ രസീത് ഉപയോഗിക്കാതെ ഫീസ് പിരിവ് നടത്തി വെള്ളപേപ്പറിൽ തയ്യാറാക്കി നൽകിയ കണക്ക് പ്രകാരം ബസ്സൊന്നിന് 6 രൂപ പ്രകാരം പഞ്ചായത്തിൽ ഒടുക്കി. ഇപ്രകാരം രസീത് അച്ചടിച്ച് നൽകാതെ പഞ്ചായത്ത് ജീവനക്കാരനല്ലാത്ത ആളെ നിയോഗിച്ച് പണം പിരിവ് നടത്തി.

പഞ്ചായത്ത് കമ്മറ്റിയുടെ 25.3.15ലെ V(3) നമ്പർ തീരുമാനപ്രകാരം വേതനം പറ്റി ഫീസ് പിരിവ് നടത്തിയ ശ്രീ.അൻസാരി അനൗൺസ്മെന്റ് ഇനത്തിൽ ബസ്സ് ഒന്നിന് 6 രൂപ നിരക്കിൽ പിരിച്ച തുക പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 15.11.16ൽ നൽകിയ ഓഡിറ്റ് എൻക്വയറിനം-30ന് മറുപടി ലഭ്യമാക്കിയില്ല. രസീത് നൽകാതെയുള്ള പണംപിരിവ്, ലേല ഇനത്തിൽ ഉൾപ്പെടാത്ത ഇനത്തിനുള്ള പണംപിരിവ് എന്നിവ അടിയന്തിരമായി അവസാനിപ്പിക്കേണ്ടതും അപാകതകൾ പരിഹരിക്കുന്നതിനും ഭരണസമിതി അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 2-8 ലൈസൻസ്- നിയമാനുസൃത വാടക കരാർ ഒഴിവാക്കുന്നു

ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനം നടത്താൻ ഉദ്ദേശിക്കുന്ന കെട്ടിടം അപേക്ഷകന്റെ ഉടമസ്ഥതയിൽ ഉള്ളതല്ലായെങ്കിൽ കെട്ടിട ഉടമയുമായി നിയമാനുസൃതമായി ഏർപ്പെട്ട (100 രൂപ മൂല്യമുള്ള മുദ്ര പേപ്പറിൽ) കരാറിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം 25 അപേക്ഷകളിൽ ഇപ്രകാരം നിയമപ്രകാരമുള്ള കരാർ ചമയ്ക്കാതെ വെള്ള പേപ്പറിൽ എഗ്രിമെന്റ് എഴുതുകയോ, മുൻ വർഷത്തെ എഗ്രിമെന്റ് വർഷം തിരുത്തി വയ്ക്കുകയോ ചെയ്തിരിക്കുന്നു. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം -7ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 2-9 കുറഞ്ഞ നിരക്കിൽ ടെണ്ടർഫോറം വിറ്റു-പഞ്ചായത്തിന് നഷ്ടം

ജി.ഒ.(പി)03/2015ഫിൻ തീയതി 05.01.2015 പ്രകാരം 50,000/-മുതൽ 10,00,000/-രൂപ വരെ ചെലവുള്ള പ്രവൃത്തികൾക്ക് ടെണ്ടർ ഫാറം വില എറ്റവും കുറഞ്ഞത് 500/-രൂപ പരമാവധി 2000/-രൂപ എന്ന നിബന്ധനക്ക് വിധേയമായി ചെലവിന്റെ 0.2% വാങ്ങാവുന്നതാണ്. എന്നാൽ താഴെ പറയുന്ന കരാറുകാർക്ക് ടെണ്ടർ ഫാറം വിറ്റതിൽ കുറഞ്ഞ നിരക്ക് പാലിക്കാത്തതിനാൽ 700/-രൂപ പഞ്ചായത്തിന് വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കരാറുകാരൻ | പ്രോജ.നം | രസീത് നം. | പ്രോജ.ചെലവ് | ഈടാക്കിയ വില | കുറവ് |
|---|---|---|---|---|---|
| ജോർജ് ആന്റണി | 23/16 | 11502103719/ | 200000/- | 400 | 100 |

| | | | | | |
|---|---|---|---|---|---|
| | | 1.10.2015 | | | |
| പി.ആർ. ഗോപാലൻ | 45/16 | 11502103702 1.10.2015 | 122000/- | 400 | 100 |
| ലിബിൻ ബേബി | 45/16 | 11502103700 1.10.2015 | 122000/- | 400 | 100 |
| ജോർജ്കുട്ടി ദേവസ്യ | 23/16 | 11502103705 1.10.2015 | 200000/- | 400 | 100 |
| പി.ആർ. ഗോപാലൻ | 248/16 | 11502106658 1.03.2016 | 225000/- | 400 | 100 |
| ജോർജ് ജോസഫ് | 23/16 | 11502103715 1.10.2015 | 200000/- | 400 | 100 |
| ടോമി ജോസഫ് | 23/16 | 11502103689 1.10.2015 | 200000/- | 400 | 100 |
| | | ആകെ | | | 700 |

വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 23-ം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തുക കരാറുകാരിൽ നിന്നും ഈടാക്കി അടക്കുന്നതാണെന്ന മറുപടിയാണ് നല്കിയത്. ടെണ്ടർഫോറത്തിന്റെ മൂല്യം നിർണ്ണയിച്ച് അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും നഷ്ടം വന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 2-10 വാടക – കരാർ ചമയ്ക്കാതിരുന്നതുമൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം

എരുമേലി ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിലെ 1,7,8 എന്നീ നമ്പരിലുള്ള മുറികൾ വർഷങ്ങളായി വാടകയ്ക്ക് എടുത്തിരുന്നത് ശ്രീ.ഹാരിസ് മുഹമ്മദ്, പറക്കവെട്ടി, എരുമേലി എന്ന വ്യക്തിയായിരുന്നു. റൂം നമ്പർ-7,8എന്നിവയുടെ വാടകക്കുടിശ്ശികയിനത്തിൽ ടിയാൻ 4,92,461/-രൂപ ഒടുക്കുവാനുണ്ടെന്നുകാണിച്ച് എ5-1467/2015 നമ്പരായി നോട്ടീസ് നൽകിയിരുന്നു. (ലഭിച്ച തീയതി- 6.3.2015) റൂം നമ്പർ-7ന്റെ കുടിശ്ശിക രസീത് നമ്പർ - 33935/86/4.9.2012, 3338/38/25.9.2012 എന്നിവ പ്രകാരവും റൂം നമ്പർ-8ന്റെ കുടിശ്ശിക രസീത് നമ്പർ -11202101084/13.2.2013പ്രകാരവും ഒടുക്കിയതായും 9/2012 മുതൽ മുറികൾ വേണ്ടെന്ന് അറിയിച്ചിരുന്നതായും ടിയാൻ മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്ന് 11.3.2013ൽ ടിയാന് നൽകിയിരുന്ന എ5-343/2013 നമ്പർ നോട്ടീസിൽ, മുറി ആവശ്യമുണ്ടെങ്കിൽ എഗ്രിമെന്റ് വെക്കണമെന്നും അല്ലാത്തപക്ഷം സ്വമേധയാ മുറി ഒഴിവായതായി കണക്കാക്കുമെന്നും അറിയിച്ചിരുന്നതിന് മറുപടിയായി ടിയാൻ ഗ്രാമപഞ്ചായത്തുമായി എഗ്രിമെന്റ് വച്ച് മുറികൾ വാടകയ്ക്ക് എടുത്തിരുന്നില്ലായെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട എ5-1991/2015 നമ്പർ ഫയൽ പരിശോധിച്ചതിൽ, ഇതു സംബന്ധിച്ച ഗ്രാമപഞ്ചായത്തിൽ വിവരം അറിയിച്ചതിന്റെ രേഖകൾ ഒന്നും ഗ്രാമപഞ്ചായത്തിൽ ഇല്ലായെന്നും ടിയാൻ

ഈ മുറികളുടെ 2011-2012 വരെയുള്ള വാടകക്കുടിശ്ശിക പൂർണ്ണമായി ഒടുക്കിയിട്ടുള്ളതായും 2013-2014, 2014-2015 വർഷങ്ങളിൽ ഈ മുറികളുടെ യാതൊരുവിവരവും ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലായെന്നും 2012-2013 മുതൽ ടിയാൻ എഗ്രിമെന്റ് വെച്ചിട്ടില്ലെന്നും റൂം നമ്പർ-1ന്റെ വാടകക്കുടിശ്ശിക രസീത് നമ്പർ -11202101083/ 13.2.2013 പ്രകാരം ഒടുക്കിയിട്ടുള്ളതായും രേഖപ്പെടുത്തിയിരിക്കുന്നു. മുറി ഒഴിപ്പിക്കുന്നതിനും ലേലം നടത്തുന്നതിനും 25.3.2015 നോട്ടീസ് നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. 1-ാം നമ്പർ മുറി 2 വർഷമായും 7,8 നമ്പർ മുറികൾ 6.3.2015ൽ നോട്ടീസ് കൈപ്പറ്റിയതിനുശേഷവും ഉപയോഗിക്കുന്നില്ലായെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി 30.3.2015ൽ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതിൽനിന്നും 2012-2013, 2013-2014, 2014-2015 വർഷങ്ങളിൽ ഈ മുറികളുടെ വാടകക്കാരനുമായി യഥാസമയം കരാറിലേർപ്പെടാതിരുന്നതിനാലും മതിയായ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാതിരുന്നതിനാലും സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കാതിരുന്നതിനാലുമാണ് ഇപ്രകാരം സംഭവിച്ചത് എന്ന് വ്യക്തമാകുന്നു. തന്മൂലം ഗ്രാമപഞ്ചായത്തിന് ഭീമമായ നഷ്ടം സംഭവിച്ചതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ടിയാൻ കരാറിൽ ഏർപ്പെടാതിരുന്നതിനെ തുടർന്ന് ഗ്രാമപഞ്ചായത്തിൽനിന്ന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങളും വാടകക്കുടിശ്ശിക ഒടുക്കാതിരുന്ന സാഹചര്യത്തിൽ മുറികൾ പൂട്ടി കൈവശത്തിലാക്കാതിരുന്നതു സംബന്ധിച്ച വിശദീകരണവും ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 9-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിശദമായ അന്വേഷണം നടത്തി ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദികളിൽനിന്ന് ഈടാക്കുന്നതിലേയ്ക്ക് ഭരണവകുപ്പിന്റെയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 2-11 വാടക- ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്കെടുത്ത ഏതാനും വ്യക്തികൾ താഴെപ്പറയുന്ന കാലയളവിൽ വാടക ഒടുക്കിയതായി കാണുന്നില്ല. ഡിമാൻഡ് രജിസ്റ്ററിൽ ഈ കാലയളവിനുമുമ്പും പിമ്പും വാടക ഒടുക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| മുറി നമ്പർ | വാടകക്കാരന്റെ പേര്/ മേൽവിലാസം | പ്രതിമാസ വാടക | കാലയളവ് | ആകെ തുക (രൂപ) |
|---|---|---|---|---|
| എരുമേലി ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 10 | എം.ആർ.ലീലാമ്മ, മൂക്കനോലിൽ | 369 | 10/2015 | 369 |
| 5 | പി.വിജയകുമാർ, കോച്ചേരിൽ | 2259 | 11/2015 | 2259 |
| 5(പുതിയ കെട്ടിടം) | ഇസ്മായിൽ, തോപ്പിൽതാഴെ | 7603 | 5/2015 | 7603 |
| മുക്കൂട്ടുതറ ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 2 | ഒ.പി.അബ്ദുൾ മജീദ്, ഉറവലംപറമ്പിൽ | 2606 | 4/2015-3/2016 | 31272 |

| | | | | |
|---|---|---|---|---|
| 6 | ഒ.പി.അബ്ദുൾ മജീദ്, ഉറവലംപറമ്പിൽ | 277 | 4/2015-3/2016 | 3324 |
| 17 | നൂർജഹാൻ, ഉറവലംപറമ്പിൽ | 691 | 4/2015-3/2016 | 8292 |
| 1 | എൻ.കെ.ശിവൻ, നെല്ലിമൂട്ടിൽ | 473 | 8/2015 | 473 |
| 15 | വർഗീസ് മാത്യു, തേവാരിമണക്ക് | 843 | 8/2015-3/2016 | 6744 |
| 14 | ബാബു തോമസ്, വേങ്ങാനത്ത് | 857 | 2/2016-3/2016 | 1714 |

ഈ തുകകളുടെ വിശദാംശങ്ങൾ കുടിശ്ശിക ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാടകയിനത്തിൽ ഗ്രാമപഞ്ചായത്തിനു കിട്ടേണ്ട തുകകൾ എന്നന്നേയ്ക്കുമായി നഷ്ടപ്പെടുന്ന സാഹചര്യമാണ് നിലവിൽ സംജാതമായിട്ടുള്ളത്. ഈ വ്യക്തികൾ വാടക ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 26-ാംനമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

മുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ വാടക ഒടുക്കുന്ന അവസരങ്ങളിൽ കുടിശ്ശിക ഉണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനും ഡിമാൻഡ് രജിസ്റ്ററുകളിൽ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനും സെക്ഷനും ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് കാലാകാലങ്ങളിൽ പരിശോധിക്കുന്നതിന് മേലധികാരികാരികളും വീഴ്ച വരുത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ മേൽപ്പറഞ്ഞപ്രകാരം ഉള്ള തുകകൾ ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം നാളിതുവരെയുള്ള പലിശ സഹിതം തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1-1 തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല-പഞ്ചായത്ത് ഫണ്ടിന് നഷ്ടം

ഓഡിറ്റ് വർഷം വിവിധ വൗച്ചറുകളിലായി 1717433/-രൂപ 62 കൺസ്യൂമർ നമ്പരുകളുടേതായി തെരുവുവിളക്ക് വൈദ്യുതിചാർജ് ഇന ത്തിൽ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശസ്വയഭരണ വകുപ്പിന്റെ ജി.ഒ (എം എസ്)34/2003/പി.ഡി.തീയതി 2.12.2003 ഉത്തരവു പ്രകാരം തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. എരുമേലി ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ഈ ഉത്തരവ് നടപ്പിലാക്കിയിട്ടില്ല. ഏതെല്ലാം ബൾബുകൾ ഗ്രാമപഞ്ചായത്തിൽ പ്രകാശിക്കുന്നു എന്നത് സംബന്ധിച്ച യാതൊരു കണക്കും പഞ്ചായത്തിലില്ല. വിവിധ ഗ്രാമപഞ്ചായത്തുകളിൽ മീറ്റർ സ്ഥാപിച്ചതിനുശേഷം വൈദ്യുതിചാർജ് ഇനത്തിൽ 40% വരെ കുറവുവന്നതായി ഓഡിറ്റ് വിലയിരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 15.11.2016 ൽ 25ാം നമ്പരായി നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ സംയുക്ത പരിശോധന നടത്തി മീറ്റർ സ്ഥാപിച്ച് പഞ്ചായത്തിന്റെ തനത് ഫണ്ട് ചോർച്ച ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-1-2 ഭക്ഷണച്ചെലവ് ക്രമാതീതം

2015-16 വർഷം വിവിധ കമ്മറ്റികൾക്കും പഞ്ചായത്തിലെ വിവിധ പരിപാടികൾക്കുമായി 173924/-രൂപ ഭക്ഷണച്ചെലവിനത്തിൽ വിവിധ വൗച്ചറുകളിലായി ചെലവിടുകയുണ്ടായി. ഒരേ മാസത്തെ ചെലവ് 2 പ്രാവശ്യം നൽകിയ സാഹചര്യവുമുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

18.6.2015 ൽ വൗച്ചർ നം. 21500181 ആയി 03/15, 04/15 എന്നീ മാസങ്ങളിലെ ഭക്ഷണചെലവായി 20285 രൂപ ലൗ ലാൻറ് ഹോട്ടലിന് നൽകിയിട്ടുണ്ട്.(ചെക്ക് നം. 15656 തീയതി 18.06.2015). എന്നാൽ 2/15, 3/15 എന്നീ തീയതികളിലെ ഭക്ഷണചെലവിനത്തിൽ ലൗ ലാൻറ് ഹോട്ടലിന് തന്നെ വൗച്ചർ നം.21500052 തീയതി 17.4.15 പ്രകാരം 22044/-രൂപ നൽകിയിരുന്നു (ചെക്ക് നമ്പർ-15588/20.4.2015). ഒന്നിലധികം ഹോട്ടലുകളിൽ നിന്നും ഒരേമാസം വ്യത്യസ്ത ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട്. ഈ ബില്ലുകൾ പലതും ഭക്ഷണത്തിന്റെ പൂർണ്ണമായ വിവരം രേഖപ്പെടുത്താത്തവയാണ്. ആയതുകൊണ്ട് തന്നെ ചെലവിന്റെ നിജസ്ഥിതി സംശയമുളവാക്കുന്നവയാണ്. വിഷയം ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 3-1-3 ചിരട്ടവാങ്ങൽ യഥാസമയം ടെണ്ടർ ക്ഷണിച്ചില്ല – പഞ്ചായത്തിന് നഷ്ടം

കൊടിത്തോട്ടത്തുള്ള പഞ്ചായത്തിന്റെ ഇൻസിനേറ്ററിൽ ഖരമാലിന്യം കത്തിക്കുന്നതിനായി വിവിധ മാസങ്ങളിൽ ചിരട്ട വാങ്ങിയിട്ടുണ്ട്. 05/15 മുതൽ 7/15 വരെ എം.ബി.അജിയിൽ നിന്നും കിലോഗ്രാമിന് 12.90/- രൂപ പ്രകാരം ടെണ്ടർ ക്ഷണിക്കാതെയും 8/15 മുതൽ 3/2016 വരെ 4/15-16-ാം നമ്പർ പദ്ധതിയുടെ ഭാഗമായി ജി.എ.സലിം എന്നയാളിൽ നിന്ന് കിലോഗ്രാമിന് 9 രൂപ 35 പൈസയ്ക്കും ചിരട്ട വാങ്ങിയിട്ടുണ്ട്. അതായത് ടെണ്ടർ ക്ഷണിക്കാതെ ചിരട്ട വാങ്ങിയപ്പോൾ കിലോഗ്രാമിന് 3 രൂപ 55 പൈസ കൂടുതൽ നൽകേണ്ടി വന്നു. ഇപ്രകാരം പഞ്ചായത്തിനുണ്ടായ 41997/- രൂപയുടെ നഷ്ടത്തിൻറെ വിവരം ചുവടെ ചേർക്കുന്നു.

| മാസം | വൗച്ചർ നം | ചെക്ക് നം. തീയതി | ആകെ കി.ഗ്രാം | നൽകിയ തുക | നഷ്ടം |
|---|---|---|---|---|---|
| 5/15 | 21500125/ 29.5.15 | 15627 / 29.5.15 | 4640 | 59,856 | 16472/- |
| 6/15 | 21500184/ 18.6.15 | 15659 / 18.6.15 | 3970 | 51,213 | 14094/- |
| 7/15 | 21500244/ 29.7.15 | 15627 / 29.7.15 | 3220 | 41,538 | 11431/- |
| | | ആകെ | | | 41997/- |

ഓഡിറ്റ് വർഷം ആകെ 5,62,422/-രൂപ ചിരട്ട വാങ്ങലിനായി ചെലവഴിച്ചിട്ടുണ്ട്. എങ്കിലും വാങ്ങിയ ചിരട്ടകൾ ഏത് അളവിൽ ഏതേത് ദിവസം ഉപയോഗിക്കുന്നു എന്നതിനോ ചിരട്ട ദുരുപയോഗം ചെയ്യുന്നില്ല എന്നുറപ്പാക്കുന്നതിനോ യാതൊരു രേഖകളും പഞ്ചായത്തിൽ ലഭ്യമല്ല. ഭീമമായ തുക ചെലവിട്ട് ചിരട്ട വാങ്ങി ഖരമാലിന്യ നിർമ്മാർജ്ജനം നടത്തുന്നു എന്ന് പറയുമ്പോഴും കൊടിത്തോട്ടത്തിലെ പ്ലാൻറിൽ ഖരമാലിന്യം കുന്നുകൂടിയും പ്ലാൻറ് തകർന്ന് കിടക്കുന്ന അവസ്ഥയിലുമാണ്. ഇത് സംബന്ധിച്ച വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-1-4 വാഹന റിപ്പയറിംഗ് - ചെലവിലെ അസ്വീകാര്യതയും വാഹനത്തിന്റെ

ദുരുപയോഗവും

പഞ്ചായത്ത് വക വാഹനങ്ങളുടെ റിപ്പയറിംഗ് ചെലവിനത്തിൽ ഓഡിറ്റ് വർഷം 2,43,586/-രൂപ വിവിധ വൗച്ചറുകളിലായി ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവിൽ ചിലത് അസ്വീകാര്യവും മറ്റുചിലത് നിലവിലുള്ള സർക്കാർ ഉത്തരവ് പാലിക്കാതെയുമാണ്. ജി.ഒ(എം.എസ്)170/07 തീയതി 30.06.2007 എന്ന സർക്കാർ ഉത്തരവിൽ സർക്കാർ വാഹനങ്ങളുടെ പരിപാലനത്തെപ്പറ്റി വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ഇത് പ്രകാരം വാഹന അറ്റകുറ്റപ്പണിയ്ക്ക് പ്രതീക്ഷിത ചെലവ് 2000/- രൂപയ്ക്കും 10000/- രൂപയ്ക്കും ഇടയിലാണെങ്കിൽ പ്രസ്തുത റിപ്പയറിംഗ് ക്വട്ടേഷൻ കൂടാതെ സർക്കാരിന്റെ അംഗീകാരമുള്ള ഒരു വർക്ക്ഷോപ്പിൽ നിർവ്വഹിക്കാം. എന്നാൽ 10000/- രൂപയ്ക്ക് മുകളിൽ വരുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ കമ്മറ്റിയുടെ അംഗീകാരത്തിന് വിധേയമായി മത്സര സ്വഭാവമുള്ള ക്വട്ടേഷൻ വിളിക്കേണ്ടതാണ്. എന്നാൽ എരുമേലി ഗ്രാമപഞ്ചായത്തിൽ 10000/- രൂപയ്ക്ക് മുകളിലുള്ള റിപ്പയറിംഗിനും ക്വട്ടേഷൻ വിളിച്ചിരുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

19.8.15 ലെ 215003220-ാം നമ്പർ വൗച്ചർ പ്രകാരം 39715/- രൂപ ടിപ്പർ ലോറി മെയിന്റനൻസിന് ചെലവിട്ടത് മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിലല്ല.

അതുപോലെ തന്നെ പാലക്കാട് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ പോകുന്നവഴി ജീപ്പ് കേടായതിന് റിപ്പയറിംഗ് ചാർജ്ജിനത്തിൽ വൗച്ചർ നമ്പർ 21500819 തീയതി 28.1.16 പ്രകാരം 6260/- രൂപകട്ടപ്പന പുളിയൻമലയിലുള്ള ഫ്രണ്ട്സ് ഓട്ടോമൊബൈൽസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഏറ്റവും ഹ്രസ്വമായ യാത്രാമാർഗ്ഗം സ്വീകരിക്കേണ്ട സ്ഥാനത്ത് കട്ടപ്പന മൂന്നാർ റൂട്ടിൽ പാലക്കാട് പോകാൻ ശ്രമിച്ചത് വാഹനത്തിന്റെ ദുരുപയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു. വിഷയം ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 3-1-5 വാഹന വാടക – സർക്കാർ നിർദ്ദേശത്തിന്റെ ലംഘനം

സ്വന്തമായി വാഹനമില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിര ഔദ്യോഗിക ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്കെടുത്ത് ഓടിക്കുന്നതിന് 75000/- രൂപ വരെ ചെലവിടാൻ 30.09.2012 ലെ ജി.ഒ(ആർ.ടി)2493/2013 -ാം നമ്പർ സർക്കാർ ഉത്തരവ് അനുവദിക്കുന്നു. എന്നാൽ സ്വന്തമായി വാഹനമുള്ള എരുമേലി ഗ്രാമപഞ്ചായത്ത് ശബരിമല, ഇലക്ഷൻ ആവശ്യങ്ങൾക്ക് കൂടാതെ ഓഡിറ്റ് വർഷം വിവിധ വൗച്ചറുകളിലായി 86700/- രൂപ ചെലവഴിച്ചിട്ടുണ്ട്. വാഹനം വാടകയ്ക്കെടുക്കാൻ വ്യവസ്ഥയില്ലാതിരുന്നിട്ടും പഞ്ചായത്തിന്റെ അടിയന്തിര ഔദ്യോഗിക ആവശ്യങ്ങൾക്കല്ലാതെയാണ് പല സാഹചര്യങ്ങളിലും വാഹനവാടക നൽകിയിരിക്കുന്നത്. പഞ്ചായത്ത് പ്രസിഡൻറ് ഉത്ഘാടനയോഗങ്ങളിൽ സംബന്ധിക്കുന്നതിനും ഓഫീസ് അറ്റൻഡൻറ് നിർവ്വഹിക്കേണ്ട ജോലിയ്ക്കും വാഹനം വാടകയ്ക്കെടുത്ത സാഹചര്യം നിലവിലുണ്ട്. മാത്രമല്ല വാഹനം ഓടിയതിന്റെ രേഖകൾ വിവരണാത്മകവുമല്ല. ഉദാഹരണത്തിന് സെക്രട്ടറി, പ്രസിഡന്റ് എന്നിവ്വ, സീറോ വെയിസ്റ്റ് - കോട്ടയം ശുചീകരണ യാത്രയിൽ പങ്കെടുത്തതിന് പോയിവന്ന യാത്രയ്ക്ക് പി.കെ.റഷീദ്, പിത്തൻപുരയ്ക്കൽ എന്നയാൾക്ക് 2800/- രൂപ 21500162 തീയതി 05.06.2015 നമ്പർ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ഫയലിൽ ചേർത്ത ട്രിപ്പ് ഷീറ്റിൽ തീയതിയോ കിലോമീറ്ററോ ചേർത്തിട്ടില്ല. അതുകൊണ്ട് തന്നെ ട്രിപ്പ്ഷീറ്റ് വിശ്വാസയോഗ്യവുമല്ല. ലോഗ്ബുക്ക് പരിശോധിച്ചതിൽ പഞ്ചായത്ത് വാഹനം ദീർഘദൂര ഓട്ടങ്ങൾക്ക് പോയിട്ടുള്ള സാഹചര്യങ്ങളിലെല്ലാം സ്വകാര്യ വാഹനങ്ങൾ വാടകയ്ക്കെടുത്ത് ഉപയോഗിച്ചിട്ടുള്ളത് കാണാം. എന്നാൽ നടപ്പ് സാമ്പത്തിക വർഷം ഇത്തരം ചെലവുകളിൽ ഗണ്യമായ കുറവ് ശ്രദ്ധേയമാണ്.

## 3-1-6 വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഓഡിറ്റ് വർഷം വെള്ളക്കര ഇനത്തിൽ 531140/- രൂപ വിവിധ വൗച്ചറുകളിലായി നൽകിയിട്ടുണ്ട്. ആയത് 101 ടാപ്പുകൾക്ക് 12 മാസത്തെ വെള്ളക്കരമാണ്. ഭൗതിക പരിശോധന വേളയിൽ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ നാശോന്മുഖമായ സ്ഥിതിയിലുള്ള നിരവധി വാട്ടർടാപ്പുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലനിൽക്കുമ്പോൾ ആയത് പ്രകാരം സംയുക്ത പരിശോധന നടത്തി യഥാർത്ഥത്തിൽ, നിലവിലുള്ള വാട്ടർ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം ഒടുക്കി പഞ്ചായത്തിന്റെ തനതുഫണ്ട് ചോർച്ച ഇല്ലാതാക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്തിൽ തനതുഫണ്ട് ചോർച്ച സംഭവിക്കുന്നതിന്റെ ഏതാനും ഉദാഹരണങ്ങളാണ് മേൽ വിവരിച്ചത്. സമഗ്രമായ അന്വേഷണം ഈ വിഷയത്തിൽ അനിവാര്യമാണ്.

## 3-2 നിർവഹണം നടത്താത്ത പ്രോജക്ടിനായി ചെലവ്- 1,46,364/-രൂപ നഷ്ടം

| | |
|---|---|
| പ്രോജക്ട് | കൊടിത്തോട്ടം ഇൻസിനേറ്റർ അറ്റകുറ്റപ്പണി |
| പ്രോജക്ട് നമ്പർ | 337/15-16 |
| അളവുപുസ്തകം നമ്പർ | 39/15-16 |
| കരാറുകാരൻ | പി.ആർ.ഗോപാലൻ |
| അളവ് രേഖപ്പെടുത്തിയ എഞ്ചിനീയർ | കെ.വി.മോഹൻദാസ് |
| ചെക്ക്മെഷർചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അശോകൻ |
| എഗ്രിമെന്റ് നമ്പർ | 140/AE/LSGD/EGP Dt.20.03.2015 |
| അടങ്കൽ | 2,00,000/-(തനത് ഫണ്ട്) |
| സാങ്കേതിക അനുമതി | 142/ERMLI/AEE/LSGD/Kply-22.09.2014 |
| ചെലവ് വിവരം | കൺവീനർ- 137581/-(ഡി.ഡി.നം 419391/15-03-2016<br>വാറ്റ് 5855/-ചെലാൻ നം 67/14-3-2016<br>ഐ.റ്റി - 1464/-<br>വെൽഫെയർ ഫണ്ട് 1464 /-<br>ആകെ 146364/-രൂപ |

2014-15 വർഷം 212/15 നമ്പരായി കൊടിത്തോട്ടം ഇൻസിനേറ്റർ അറ്റകുറ്റപ്പണിക്ക് 2,00,000/- (തനത് ഫണ്ട്) അടങ്കലിൽ പ്രോജക്ട് തയ്യാറാക്കുകയും ടെണ്ടർ നടപടികളിലൂടെ ശ്രീ.പി.ആർ.ഗോപാലൻ

എസ്റ്റിമേറ്റ് റേറ്റിൽ പ്രവൃത്തി ഏറ്റെടുത്ത് 20.3.2015ൽ 142/ERMLI/AEE/LSGD/Kply നമ്പരായി കരാർ ചമക്കുകയും ചെയ്തു. തൻവർഷം പണി നടക്കാതിരുന്നതിനാൽ 2015-16 പദ്ധതിയിൽ 337/15-16 നമ്പർ സ്പിൽ ഓവർ പ്രോജക്ട് ആയി ഉൾപ്പെടുത്തുകയും ചെയ്തു. 50x50x6 മി.മീ ആംഗിൾ അയൺ ഉപയോഗിച്ച് റൂഫ് ട്രസ് 22.09.2015 ൽ അളവ് രേഖപ്പെടുത്തുകയും 23.9.2015 ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക്മെഷർ ചെയ്യുകയും ചെയ്തു(അളവുപുസ്തകം പേജ്-1). 0.63മി.മീ ജി.ഐ ഷീറ്റ് ഉപയോഗിച്ച് 141.65ച മീ റൂഫിംഗ് ചെയ്തത് 28.09.2015ൽ അളവ് രേഖപ്പെടുത്തി 29.09.2015 ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക്മെഷർ ചെയ്യുകയും ചെയ്തു(അളവുപുസ്തകം പേജ്-2). അളവുപുസ്തകം പേജ് 3-4 ആയി ആകെ വേലമൂല്യം 146364/- നിർണ്ണയിക്കുകയും ആയത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 9.10.2015 ൽ മേൽ പരിശോധന നടത്തുകയും ചെയ്തു. തയ്യാറാക്കിയ മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് പ്രകാരം മുകളിൽ സൂചിപ്പിച്ച 146364/രൂപ പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിൽ നിന്നും 28.1.2016 ലെ SB/GJ No 3443250 ചെക്ക് പ്രകാരം പിൻവലിച്ച് മുകളിൽ സൂചിപ്പിച്ചപ്രകാരം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയത്ത് മുൻ ഓവർസിയർ ശ്രീ.പ്രമോദ്, പഞ്ചായത്ത് ഡ്രൈവർ, ശ്രീ.മനോജ് കെ.പി., ഓഡിറ്റ് ഓഫീസർ ശ്രീ.പി.ബി.നടരാജൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ ശ്രീ.രാജേഷ് എം. എന്നിവർ ചേർന്ന് 11.11.2016 ൽ സ്ഥല പരിശോധന നടത്തിയതിൽ മേൽപറഞ്ഞ വേലകളൊന്നും ചെയ്തിട്ടില്ല എന്ന് വ്യക്തമായി. മാത്രമല്ല, ടെണ്ടർ ലഭിച്ച ശ്രീ പി.ആർ.ഗോപാലൻ പ്രവൃത്തി ചെയ്തിട്ടില്ല എന്ന് രേഖാമൂലം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ പൂർണ്ണമായും തകർന്ന പ്ലാന്റ് അടുത്ത കാലത്ത് അറ്റകുറ്റപ്പണി നടത്തിയിട്ടില്ല എന്ന് സമീപവാസികളും ഓഡിറ്റിനെ അറിയിച്ചു.

ചെയ്യാത്ത പ്രവൃത്തിക്ക് ബില്ല് മാറാനുണ്ടായ സാഹചര്യം ഓഡിറ്റിൽ ബോധ്യപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് നല്കിയ 17-ം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പ്രവൃത്തി ചെയ്തതാണെന്ന മറുപടി നല്കിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ തന്നെ പ്രവൃത്തി ചെയ്തിട്ടില്ല എന്ന് രേഖാമൂലം അറിയിച്ചതിനാലും പ്രാദേശിക പരിശോധനയിൽ പ്രവൃത്തിനടന്നിട്ടില്ല എന്ന് ബോധ്യപ്പെട്ടതിനാലും മേൽ മറുപടി അംഗീകരിക്കുന്നില്ല. അളവുരേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ചെലവായ 146364/-രൂപ 18% പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതും വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-3 അഴുതമുന്നി കമ്മ്യൂണിറ്റി ഹാൾ -ലക്ഷ്യബോധമില്ലാത്ത പ്രോജക്ട്

| | |
|---|---|
| പ്രോജക്ട് | അഴുതമുന്നി കമ്മ്യൂണിറ്റി ഹാൾ |
| പ്രോജക്ട് നമ്പർ | S/O-289/16 |
| അളവുപുസ്തകം നമ്പർ | 524/AEE/KPLY-13-14 |
| കരാറുകാരൻ | കെ.വി.എസ്.ലാൽ |
| എഗ്രിമെന്റ് നമ്പർ | 35/AE/LSGD/EGP Dt.07.11.2013 |
| അടങ്കൽ | 5,00,000/-(വികസനഫൺണ്ട്+ബ്ലോക്ക് വിഹിതം) |
| ചെലവ് വിവരം | കൺവീനർ- 914123/-(ഡി.ഡി.നം. 419538/31.03.2016 |

അഴുതമുന്നി എന്ന സ്ഥലത്ത് 10 ലക്ഷം രൂപ അടങ്കലിൽ പഞ്ചായത്ത് അഴുതമുന്നി കമ്മ്യൂണിറ്റി ഹാൾ എന്ന പേരിൽ ഒരു കെട്ടിടം എകദേശം പൂർത്തിയാക്കിയിട്ടുണ്ട്. 11/2014 ൽ പൂർത്തിയായ കെട്ടിടത്തിന്റെ

ഫൈനൽ ബിൽ പാസ്സാക്കി നല്കിയത് 2016 ലാണ്. പ്രാദേശിക പരിശോധനയിൽ ഫ്ലോറിംഗ് പൂർത്തിയാക്കിയിട്ടില്ല. നിലവിലുള്ള കെട്ടിടം കാട്ടുകയറിയും മുകളിൽ മരം വീണും നശിച്ചുകൊണ്ടിരിക്കുന്ന നിലയിലാണ്. കെട്ടിടം നിർമ്മിച്ചത് എന്താവശ്യത്തിനാണെന്ന് വ്യക്തമല്ല. കെട്ടിടം ഇരിക്കുന്ന വസ്തുവിന്റെ ഉടമസ്ഥത സംബന്ധിച്ചും വ്യക്തതയില്ല. നിലവിൽ പഞ്ചായത്ത് ചെലവഴിച്ച 914123/- രൂപ നിഷ്ക്രിയവും നാശോന്മുഖവുമായ ആസ്തിയായി അവശേഷിക്കുന്നു. ഫലപ്രദമല്ലാത്ത ചെലവ് തടസ്സപ്പെടുത്തുന്നു. ഉടമസ്ഥാവകാശം ഹാജരാക്കിയും കെട്ടിടം ഫലപ്രദമായി ഉപയോഗിച്ചും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 ഇന്റർലോക്ക് ടൈൽ പതിക്കൽ - അധികനിരക്ക് നല്കി

| | |
|---|---|
| പ്രോജക്ട് | ഇടകടത്തി അംഗൻവാടി അറ്റകുറ്റപ്പണി |
| പ്രോജക്ട് നമ്പർ | 218/16 |
| അളവുപുസ്തകം | 150/15-16 |
| കൺവീനർ | തോമസ് മാത്യു |
| അടങ്കൽ | 200000/-(MGNR) |
| ചെലവ് | 158807.00(കൺവീനർക്ക് നല്കിയത്) |
| ഡി.ഡി.നം/തീയതി | 419663/04.04.2016 |

ഈ പ്രവൃത്തിയുടെ ഇനം 16 ആയി ചെയ്തത് 48.343 ച.മീ ഇന്റർലോക്ക് ടൈൽ പതിക്കുകയാണ് DSR -2014 (16-68) പ്രകാരം അനുവദനീയമായ 1.4095 കോസ്റ്റ് ഇൻഡക്സ് കൂടി ഉൾപ്പെടെ കൺവീനർക്ക് നല്കാവുന്ന നിരക്ക് 738.09രൂപ/ച.മീ ആണ് (കോട്ടയം ജില്ലയ്ക്ക് ചീഫ് എഞ്ചിനീയർ അംഗീകരിച്ച നിരക്ക് OD-Sl.No-779). എന്നാൽ എസ്റ്റിമേറ്റിൽ വകയിരുത്തിയതും കരാറുകാരന് നല്കിയതും 773.34രൂപ/ച.മീ നിരക്കിലാണ്. ഇതുമൂലമുണ്ടായ അധികച്ചെലവ് ചുവടെ ചേർക്കുന്നു.

| നല്കിയ തുക @773.34/ച.മീ | നല്കാവുന്നത് @ 738.09/ച.മീ | അധികം നല്കിയത് |
|---|---|---|
| 37385.57<br>(48.343x773.34<br>=37385.57) | 35681.48<br>(48.343x738.09<br>=35681.48) | 1704.09<br>(37385.57-35681.48) |

എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത മൂലം പഞ്ചായത്തിന് 1704.09 രൂപ നഷ്ടം വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 18-ം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തുക തിരിച്ചടക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് നല്കിയത്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത മൂലമുണ്ടായ നഷ്ടം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 നിയമാനുസൃതമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് | ഇളപ്പുങ്കൽ-താളിപ്പാറ റോഡ് റീടാറിംഗ് |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 252/16 |
| അളവുപുസ്തകം | 104/15-16 |
| കരാറുകാരൻ | ലിബിൻ ബേബി |
| അടങ്കൽ | 530000/-(MGR) |
| എഗ്രിമെന്റ് നം./തീയതി | 103/AE/LSGD/03.02.2015 |
| പൂർത്തീകരണ കാലാവധി | 4 മാസം |
| ചെലവ് | 469105/- ഡി.ഡി.നം419619/4.4.2016 |
| PAC | 529962 |

ഇ-ടെണ്ടർ വഴി ശ്രീ.ലിബിൻ ബേബി ഏറ്റെടുത്ത മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ടെണ്ടർ നടപടികളിൽ നിശ്ചയിച്ചിട്ടുള്ളതും കരാറുകാരൻ എഗ്രിമെന്റ് വച്ചിട്ടുള്ളതും 4 മാസം കൊണ്ട് പ്രവൃത്തി പൂർത്തിയാക്കും എന്നുള്ളതായിരുന്നു. എന്നാൽ പൈപ്പ് ജോലികൾ നടക്കുന്നതിനാൽ പൂർത്തീകരണ കാലാവധി 2-3 മാസം ദീർഘിപ്പിച്ച് നല്കണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട എഞ്ചിനീയർ ഇതു സംബന്ധിച്ച് നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല. ഇത് അംഗീകരിച്ചാൽ തന്നെ സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| എഗ്രിമെന്റ് തീയതി | 03.02.2015 |
| നിയമാനുസൃതം പൂർത്തിയാക്കേണ്ട തീയതി | 02.06.2015 |
| പൂർത്തിയാക്കിയ തീയതി | 08.03.2016 |
| കരാറുകാരന്റെ അപേക്ഷ പരിഗണിച്ചാൽ<br>പൂർത്തിയാക്കേണ്ട തീയതി(പിഴ ഇല്ലാതെ) | 01.09.2015 |
| 1% പിഴയോടെ പൂർത്തിയാക്കേണ്ട തീയതി(25% ആയ 1മാസം) | 31.10.2015 |
| 2% പിഴയോടെ പൂർത്തിയാക്കേണ്ട തീയതി(പരമാവധിയായ 50% ആയ 2 മാസം) | 31.12.2015 |

ഈടാക്കേണ്ട പിഴ(പി.എ.സി ആയ 529962 രൂപയുടെ)

| | |
|---|---|
| 1% നിരക്കിൽ(01.09.2015-31.10.2015 വരെ ) | 5299 |

| | |
|---|---|
| 2% നിരക്കിൽ(01.11.2015-31.12.2015 വരെ) | 10599 |
| ആകെ | 15898 |

2012 ലെ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ 2112-1 ഖണ്ഡിക അനുസരിച്ച് ദീർഘീകരണം ലഭിക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം ചെയ്യുന്ന പ്രവൃത്തികൾ അനധികൃതമാണെന്നും അതിന് തുക നല്കാവുന്നതല്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ദീർഘീകരണം അനുവദിക്കുകയോ ആയതിന് പിഴ ഈടാക്കുകയോ ചെയ്യാതെ ബില്ല് മാറി തുക നല്കിയ എഞ്ചിനീയറുടെ നടപടി തികച്ചും നിയമവിരുദ്ധമാണ് മേൽ വിഷയത്തിലുള്ള വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 19-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പിഴ ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് നല്കിയത്. കരാറുകാരനിൽ നിന്നും പിഴ ഈടാക്കി പഞ്ചായത്ത്ഫണ്ടിൽ അടക്കേണ്ടത്, കേരള പൊതുമരാമത്ത് മാന്വൽ പാലിക്കാതെ കരാറുകാരന് തുക അനുവദിച്ച എഞ്ചിനീയറുടെ ബാധ്യതയാണ്. നിയമാനുസൃതമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് കമ്മറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 3-6 കൺവീനർ പ്രവൃത്തിയിലെ അളവ് പൂർണ്ണമായും അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയില്ല

| | |
|---|---|
| പ്രോജക്ട് | കരമരുതുങ്കൽ പാലം നിർമ്മാണം |
| പ്രോജക്ട് നമ്പർ | S/O-272/16 |
| അളവുപുസ്തകം നമ്പർ | 131/15-16 |
| കൺവീനർ | ജോയിക്കുട്ടി |
| എഗ്രിമെന്റ് നമ്പർ | 137/AE/LSGD/EGP Dt.20.03.2015 |
| അടങ്കൽ | 10,00,000/-(വികസനഫണ്ട്+ബ്ലോക്ക് വിഹിതം) |
| ചെലവ് വിവരം | കൺവീനർ- 914123/-(ഡി.ഡി.നം. 419538/31.03.2016 |

കരിമരുതുങ്കൽ നടപ്പാത നിർമ്മിക്കുന്നതിനായി 2014-15 ൽ 10,00,000/-അടങ്കലിൽ പ്രോജക്ട് തയ്യാറാക്കുകയുംതുടർന്ന് പൊതുജനങ്ങളുടെ നിർദ്ദേശാനുസരണം ഇത് 4 മീറ്റർ വീതിയുള്ള പാലം ആക്കി മാറ്റുകയും 2015-16 വർഷം 272/16 നമ്പർ സ്പിൽ ഓവർ പ്രോജക്ടായി ഇതും ഉൾപ്പെടുത്തുകയും ചെയ്തു .വരും വർഷം കൂടുതൽ തുക വകയിരുത്തുമെന്ന കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭാഗികമായി പണി നടത്തിയിട്ടുണ്ട്. ഇരു വശവും അപ്രോച്ച് റോഡുകൾ ചെയ്തിട്ടില്ല. വകയിരുത്തിയ തുക പൂർണ്ണമായും ചെലവ് ചെയ്തതിനാൽ പദ്ധതിയുടെ പൂർത്തീകരണത്തിന് തുടർ പ്രോജക്ടുകൾ ആവശ്യമാണ്. പ്രസ്തുത സൈറ്റ് ഭൗതിക പരിശോധന നടത്തിയതിൽ എസ്റ്റിമേറ്റ് പ്രകാരം 5x4 മീറ്റർ വീതിയിൽ ചെയ്യേണ്ട ഡക്ക് സ്ലാബ്(പാലത്തിന്റെ സ്ലാബ് ഭാഗം) 10x4 മീറ്റർ ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ 5x4 മീറ്റർ മാത്രമാണ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.(40സെ മീ,കനം). ചെയ്ത പ്രവൃത്തി പൂർണ്ണമായും അളവുപുസ്തകത്തിൽ രേഖപ്പെടുത്താതിരുന്നത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വീഴ്ചയാണ്. നിലവിൽ എസ്.ഒ.ആർ -2014 അടിസ്ഥാനമാക്കി ചെയ്ത പ്രവൃത്തി പൂർത്തിയാക്കി കൺവീനർക്ക് തുക നല്കിയതിനാൽ

പ്രവൃത്തിയിലുണ്ടായ സേവിംഗ്സ് തുടർ പ്രോജക്ടുകളിൽ അളവുരേഖപ്പെടുത്തി പുതുക്കിയ നിരക്കിൽ അടുത്ത കരാറുകാരന്/കൺവീനർക്ക് നല്കുന്നില്ല എന്ന് എഞ്ചിനീയറിംഗ് വിഭാഗം ഉറപ്പു വരുത്തേണ്ടതാണ്.

## 3-7 കോൺക്രീറ്റിംഗ് വേലകൾ- -അധിക നിരക്ക് അനുവദിക്കുന്നതുമൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടം

DSR പ്രകാരം കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മണലിന്(Fine Agrigate) സി.പി.ഡബ്ലിയു.ഡി സ്പെസിഫിക്കേഷൻ 2009 3-1-3-3 പ്രകാരം കൃത്യമായ ഗ്രേഡിംഗ് നിശ്ചയിച്ചിട്ടുണ്ട്. (ഗ്രേഡിംഗ് സോൺ I,II,III&IV) ഇതിൽ ഗ്രേഡീംഗ് സോൺ I,II,III പാലിക്കുന്ന ആറ്റുമണൽ, സ്റ്റോൺ ഡസ്റ്റ്(പാറമണൽ)എന്നിവ കോൺക്രീറ്റിന് ഉപയോഗിക്കാം കൂടാതെ ഗ്രേഡിംഗ് സോൺ IV ആയ മണൽ ഉപയോഗിച്ച് 1:4:8 കോൺക്രീറ്റും ചെയ്യുന്നതിന് തടസ്സമില്ല. എന്നാൽ രേഖകൾ പ്രകാരം പഞ്ചായത്തിലെ കോൺക്രീറ്റ് പ്രവൃത്തികൾക്ക് മുഴുവൻ ഉപയോഗിച്ചിട്ടുള്ളത് സ്റ്റോൺ ഡസ്റ്റ്(പാറമണൽ)ആണ്. ഇതിന് ക്രമ നം. 1159 പ്രകാരം പ്രത്യേക നിരക്ക് DSR ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡാറ്റ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികൾക്കും ആറ്റുമണലിനുള്ള നിരക്കാണ് നല്കിയിട്ടുള്ളത്. കൂടാതെ ഗ്രേഡിംഗ് നിർണ്ണയവും നടത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ഗ്രേഡിംഗ് സോൺ IV ആയ പാറമണലിന് അനുവദനീയമായ നിരക്ക് മാത്രമാണ് കോൺക്രീറ്റ് വേലകൾക്ക് നല്കാൻ കഴിയുക. പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരുത്തുന്നതിനാൽ കൃത്യമായ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി ആയതിനനുസരിച്ച് പ്രവൃത്തി ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തികൾ - അപാകതകൾ

2015-16 വർഷം ബിറ്റുമിൻ ഉപയോഗിച്ചുള്ള 6 പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത്. ഈ പ്രവൃത്തികളുടെ ഫയലുകൾ, അളവുപുസ്തകം എന്നിവ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് തയ്യാറാക്കൽ, എസ്റ്റിമേറ്റ് അംഗീകാരം നല്കൽ, നിർവ്വഹണം എന്നിവ ചെയ്ത എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരുടെ ജാഗ്രതക്കുറവ് പഞ്ചായത്തിന് ധന നഷ്ടം ഉണ്ടാകുന്നതിന് കാരണമായി. തൻവർഷം ഏറ്റെടുത്ത ടാറിംഗ് പ്രവൃത്തികൾ താഴെ പറയുന്നവയാണ്.

| ക്രമ നം. | പ്രോജക്ട് നം | പ്രോജക്ട് |
|---|---|---|
| 1 | 62/16 | പ്രിയങ്ക-നേർച്ചപ്പാറ റോഡ് |
| 2 | 12/16 | ഹരിപ്പാട്ട്പടി-പൂതക്കുഴി റോഡ് |
| 3 | 20/16 | ഇടയാറ്റുകാവ് -കരിമ്പുകയം |
| 4 | 11/16 | മരോട്ടിച്ചുവട്-പുറപ്പ റോഡ് |
| 5 | 45/16 | മാർക്കറ്റ് റോഡ് റീടാറിംഗ് |
| 6 | 23/16 | പള്ളിപ്പടി- കരിമ്പൻമല റോഡ് |

മേൽ പറഞ്ഞിട്ടുള്ള പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- എസ്റ്റിമേറ്റ് തയ്യാറാക്കുന്ന എഞ്ചിനീയർ സൈറ്റ് പരിശോധിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ഇനങ്ങൾ ഉൾക്കൊള്ളിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതിന് പകരം

സമാനസ്വഭാവമുള്ള എസ്റ്റിമേറ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവയിൽ അളവുകൾ മാത്രം മാറ്റുന്ന രീതിയാണ് പഞ്ചായത്തിൽ സ്വീകരിച്ചു വരുന്നത്. ഇത് മൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടുണ്ട്. മേൽ പറഞ്ഞിട്ടുള്ള എല്ലാ റോഡ് അറ്റകുറ്റപ്പണികളിലും 3 മീറ്റർ വീതിയിൽ 20 മി.മി ചിപ്പിംഗ് കാർപ്പറ്റ് ആണ് ചെയ്തിട്ടുള്ളത്. സാധാരണഗതിയിൽ കുഴികളടച്ച്(Pot hole filling) ചെയ്യേണ്ട വേല ചില അവസരങ്ങളിൽ (പൈപ്പ് സ്ഥാപിക്കൽ, പൈപ്പ് പൊട്ടി റോഡ് ഒലിച്ചു പോകുക തുടങ്ങിയ അവസരങ്ങളിൽ)ഭാഗികമായി രണ്ടാം മെറ്റലിംഗ് നടത്തി ചിപ്പിംഗ് കാർപ്പറ്റ് ചെയ്യേണ്ടി വരാറുണ്ട്. എന്നാൽ ഇവിടെ എല്ലാ പ്രവൃത്തികളിലും പകുതി വീതിയിൽ രണ്ടാം മെറ്റലിംഗ് നടത്തുകയും മുകളിൽ ചിപ്പിംഗ് കാർപ്പറ്റ് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. അശാസ്ത്രീയമായ എസ്റ്റിമേറ്റ് തയ്യാറാക്കൽ മൂലം കുഴികളടച്ച് ചെയ്യേണ്ട സ്ഥലത്ത് പോലും രണ്ടാം മെറ്റലിംഗ് നടത്തിയതിലൂടെ പഞ്ചായത്തിന് അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

- സി.പി.ഡബ്ലിയു.ഡി സ്പെസിഫിക്കേഷൻസ് 2009 വോള്യം 2 - 16.4.2 പ്രകാരം ബിറ്റുമിൻ കണ്ടെയിനറുകൾ കരാറുകാരന്റെയും സൈറ്റ് എഞ്ചിനീയറുടെ സഹായിയുടെയും സംയുക്ത സംരക്ഷണയിൽ സൂക്ഷിക്കുന്നതിനും, കാലി ബാരലുകൾ കേടുകൂടാതെ സൈറ്റ് എഞ്ചിനീയർക്ക് കൈമാറുന്നതിനും വ്യവസ്ഥയുണ്ട്. കൈമാറാത്തതും കേടുപാടുകൾ ഉള്ളതുമായ ബാരലുകളുടെ വില ഈടാക്കാൻ സൈറ്റ് എഞ്ചിനീയർക്ക് ചുമതലയുണ്ട്. എന്നാൽ 2015-16 വർഷം വിവിധ പ്രവൃത്തികൾക്കായി ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ വില ഈടാക്കിയിട്ടില്ല.(ചെറിയ പ്രവൃത്തികളായതിനാൽ ബൾക്ക് ബിറ്റുമിൻ ഇറക്കുക സാദ്ധ്യമല്ല).
- ബിറ്റുമിൻ വില മാർക്കറ്റിൽ 32000/ടൺ ഉള്ളപ്പോളാണ് ഡി.എസ്.ആർ പ്രകാരം ടണ്ണിന് 41000/-നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിവന്നത്. ഇതുമൂലം കരാറുകാരന് അമിതലാഭം ഉണ്ടായിട്ടുണ്ട്. ഡി.എസ്.ആർ 2014 ആമുഖം ക്ര.നം 7 പ്രകാരം ഡി.എസ്.ആർ നിരക്കും മാർക്കറ്റ് നിരക്കും തമ്മിൽ വലിയ വ്യത്യാസം ഇല്ലെങ്കിൽ കോസ്റ്റ് ഇൻഡെക്സ് ഒഴിവാക്കുന്നതിന് സാങ്കേതിക അനുമതി നല്കുന്ന ഉദ്യോഗസ്ഥന് കഴിയും(The technical sanctioning Authority may decide non application of cost index judiciously on the items, where the estimated cost of the item is close to the market rate.)ഈ അവകാശം സാങ്കേതിക അനുമതി നല്കുന്ന ഉദ്യോഗസ്ഥൻ വിനിയോഗിച്ചിരുന്നുവെങ്കിൽ ബിറ്റുമിൻ കി.ഗ്രാമിന് 19.5 രൂപ വീതം ലാഭിക്കുവാൻ കഴിയുമായിരുന്നു.

ഓഡിറ്റ് നിരീക്ഷണം കൂടി കണക്കിലെടുത്ത് ഭാവിയിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തേണ്ടതാണ്.

## 3-9 ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

നിർവഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി തയ്യാറാക്കിയ എസ് 119/2016 നമ്പർ പ്രോജക്ടിന്റെ താഴെപ്പറയുന്ന ഗുണഭോക്താക്കൾ വിവിധ ഗഡുക്കൾ പ്രകാരം ഭാഗികമായി ധനസഹായം കൈപ്പറ്റിയെങ്കിലും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര്/ മേൽവിലാസം | കൈപ്പറ്റിയ ആകെ തുക (രൂപ) |
|---|---|
| പൊന്നമ്മ, കാമാരിക്കുളം വീട്, മുട്ടപ്പള്ളി | 180000 |
| കെ കെ തങ്കപ്പൻ, കാവുങ്കൽ, ശ്രീനിപുരം | 180000 |

| | |
|---|---|
| ടി. തങ്കച്ചൻ, രേഖാഭവൻ, എലിവാലിക്കര | 180000 |
| കുഞ്ഞമ്മിണി, അനിയറ വീട്, മൂലക്കയം | 180000 |
| കെ.പി.സോമൻ,കുറ്റിക്കൽ, മുട്ടപ്പള്ളി | 180000 |
| എൻ.എ.സുനിൽ, നിരവത്തുകടവ്, ശ്രീനിപുരം | 180000 |
| കെ.കെ.രാജമ്മ, കരിമ്പിൻതോട്ടിൽ, പ്രപ്പോസ് | 180000 |

ഈ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 സർക്കാർ ഉത്തരവിന് വിരുദ്ധമായി കുടുംബശ്രീയ്ക്ക് ഫണ്ട് നൽകിയത് അനുവദനീയമല്ല

31.10.2015 ലെ 21500514 -ാം നമ്പർ വൗച്ചർ പ്രകാരം കുടുംബശ്രീ വാർഷികാഘോഷങ്ങൾക്ക് 10000/- രൂപ നൽകിയിട്ടുണ്ട്. 8.7.2015 ലെ പഞ്ചായത്ത് കമ്മറ്റിയുടെ III(1) തീരുമാനപ്രകാരവും 31.7.15 ലെ യോഗത്തിലെ III(7) തീരുമാനപ്രകാരവുമാണ് തുക നൽകിയിട്ടുള്ളത്. 6.5.15 ലെ സ.ഉ(സാധാ)നം. 1363/15/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ കുട്ടികളുടെ അവകാശങ്ങൾ ഉറപ്പ് വരുത്തുന്നതിനായി കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള ബാലസഭയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായിട്ടാണ് 35000/- രൂപ വരെ ഫണ്ട് അനുവദിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകിയത്. എന്നാൽ ഈ ഉത്തരവ് വളച്ചൊടിച്ച് തുക നൽകാൻ മേൽ തീയതികളിലെ കമ്മറ്റി നിർദ്ദേശിക്കുകയും സെക്രട്ടറി അപ്രകാരം ചെയ്യാൻ ഉത്തരവിടുകയും ചെയ്തു. സർക്കാർ മാനദണ്ഡത്തിന്റെ നിജസ്ഥിതി ബോധ്യപ്പെടുത്താൻ സെക്രട്ടറി ശ്രമം നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് 10.11.16 ൽ II നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ഈ സാഹചര്യത്തിൽ സർക്കാർ ഉത്തരവ് കമ്മറ്റിക്ക് വ്യാഖ്യാനിച്ച് നൽകാതിരുന്ന സെക്രട്ടറിയിൽ നിന്നും 10000/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് ചേർക്കേണ്ടതാണ്.

## 3-11 സർക്കാർ ഉത്തരവ് മറികടന്ന് പാലിയേറ്റിവ് കെയർ പദ്ധതിക്ക് അധിക തുക ചെലവഴിച്ചു

2015-16 പാലിയേറ്റീവ് കെയർ നടത്തിപ്പിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടു.

(1). 29.10.2015 ലെ ജി.ഒ(ആർ.ടി)3217/2015/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം പാലിയേറ്റിവ് പരിചരണവും ഹോംകെയറും നടത്തുന്ന ടീമംഗങ്ങൾക്ക് 60/- രൂപ നിരക്കിൽ പരമാവധി 3 പേർക്ക് ആകെ 180/- രൂപയാണ് ഭക്ഷണചെലവിനത്തിൽ നൽകാവുന്നത്. എന്നാൽ 11/2015 മുതൽ 3/2015 വരെയുള്ള ഭക്ഷണചെലവ് പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശത്തെ മറികടന്ന് താഴെ പ്രതിപാദിക്കും പ്രകാരം 4940 രൂപ അധികം ചെലവിട്ടതായി കണ്ടെത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

| പാലിയേറ്റീവ് പരിചരണ തീയതി | നൽകാവുന്നത് | നൽകിയത് | അധികം |
|---|---|---|---|

| | | | |
|---|---|---|---|
| 2.11.15 | 180/- | 250/- | 70/- |
| 4.11.15 | 180 | 200 | 20 |
| 6.11.15 | 180 | 300 | 120 |
| 7.11.15 | 180 | 300 | 120 |
| 9.11.15 | 180 | 300 | 120 |
| 11.11.15 | 180 | 300 | 120 |
| 13.11.15 | 180 | 200 | 20 |
| 18.11.15 | 180 | 250 | 70 |
| 21.11.15 | 180 | 300 | 120 |
| 23.11.15 | 180 | 300 | 120 |
| 24.11.15 | 180 | 300 | 120 |
| 25.11.15 | 180 | 250 | 70 |
| 2.12.15 | 180 | 300 | 120 |
| 5.12.15 | 180 | 300 | 120 |
| 7.12.15 | 180 | 200 | 20 |
| 8.12.15 | 180 | 300 | 120 |
| 9.12.15 | 180 | 250 | 70 |
| 15.12.15 | 180 | 300 | 120 |
| 16.12.15 | 180 | 300 | 120 |
| 18.12.15 | 180 | 250 | 70 |
| 19.12.15 | 180 | 300 | 120 |
| 22.12.15 | 180 | 200 | 20 |
| 23.12.15 | 180 | 250 | 70 |

| | | | |
|---|---|---|---|
| 06.1.16 | 180 | 300 | 120 |
| 08.1.16 | 180 | 300 | 120 |
| 13.1.16 | 180 | 250 | 70 |
| 16.1.16 | 180 | 300 | 120 |
| 20.1.16 | 180 | 300 | 120 |
| 21.1.16 | 180 | 300 | 120 |
| 22.1.16 | 180 | 200 | 20 |
| 23.1.16 | 180 | 250 | 70 |
| 25.1.16 | 180 | 250 | 70 |
| 27.1.16 | 180 | 300 | 120 |
| 31.1.16 | 180 | 200 | 20 |
| 5.2.16 | 180 | 200 | 20 |
| 6.2.16 | 180 | 250 | 70 |
| 7.2.16 | 180 | 200 | 20 |
| 12.2.16 | 180 | 250 | 70 |
| 15.2.16 | 180 | 250 | 70 |
| 16.2.16 | 180 | 200 | 20 |
| 17.2.16 | 180 | 300 | 120 |
| 22.2.16 | 180 | 300 | 120 |
| 23.2.16 | 180 | 250 | 70 |
| 24.2.16 | 180 | 300 | 120 |
| 27.2.16 | 180 | 300 | 120 |
| 1.3.16 | 180 | 250 | 70 |

| | | | |
|---|---|---|---|
| 2.3.16 | 180 | 250 | 70 |
| 3.3.16 | 180 | 250 | 70 |
| 4.3.16 | 180 | 250 | 70 |
| 5.3.16 | 180 | 300 | 120 |
| 8.3.16 | 180 | 200 | 20 |
| 9.3.16 | 180 | 300 | 120 |
| 10.3.16 | 180 | 300 | 120 |
| 11.3.16 | 180 | 250 | 70 |
| 14.3.16 | 180 | 300 | 120 |
| 15.3.16 | 180 | 300 | 120 |
| 17.3.16 | 180 | 250 | 70 |
| | ആകെ- | | 4890 |

(2 മേൽ ഉത്തരവിന്റെ 2.6.5 ശീർഷകത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നത് സംബന്ധിച്ച് നിർദ്ദേശമുണ്ട്. ഇത് പ്രകാരം 15-24 കി.മീ, 800 രൂപയും 25-34, കി.മീ . 900 രൂപയും 35 മുതൽ 44 കിലോമീറ്റർ വരെ 1000 രൂപയുമാണ്. എന്നാൽ പാലിയേറ്റീവ് കെയർ വാഹനക്കൂലി ഇനത്തിൽ ഈ നിർദ്ദേശം മറികടന്ന് 200/- രൂപ അധിക തുക നൽകിയിട്ടുള്ളതായി ബോധ്യപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാഹനം ഓടിയ ദിവസം | ദൂരം | നൽകാവുന്ന തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 18.11.16 | 27 | 900 | 1000 | 100 |
| 5.12.16 | 31 | 900 | 1000 | 100 |
| | | അധികം | | 200 |

മാത്രമല്ല ട്രിപ്പ്ഷീറ്റ് പരിശോധിച്ചതിൽ വിവിധ തീയതികളിൽ 90 കി.മീ വരെ വാഹനം ഓടിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഹോം കെയർ രജിസ്റ്റർ പരിശോധിച്ചതിൽ സി.എച്ച്.സി യിൽ നിന്ന് വളരെ അടുത്ത പ്രദേശങ്ങളിൽ പോയതിന് പോലും കൂടുതൽ ദൂരം രേഖപ്പെടുത്തിയിട്ടുണ്ട്.

3) മേൽ ഉത്തരവ് പ്രകാരം ശീർഷകം 2.3 പ്രകാരം പ്രസിഡന്റ് ചെയർമാനായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയുമായും വിവിധ തുറകളിൽപെടുന്ന 15 അംഗ പാലിയേറ്റീവ് മാനേജ്മെൻറ് കമ്മറ്റി രൂപീകരിക്കണമെന്ന നിർദ്ദേശവും 9 അംഗ പാലിയേറ്റിവ് ഇംപ്ലിമെന്റിംഗ് കമ്മറ്റി രൂപീകരിക്കണമെന്ന (ശീർഷകം 2.4) നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് തന്നെ ചെലവുകൾ അധികൃതമാക്കപ്പെട്ടിട്ടുമില്ല.

4) 33 വ്യത്യസ്ത രജിസ്റ്ററുകൾ സൂക്ഷിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഹോം കെയർ

റിപ്പോർട്ട് ബുക്കൊഴികെ മറ്റ് രജിസ്റ്ററുകളൊന്നും സൂക്ഷിക്കുന്നതിന്റെ വിവരവുമില്ല. ഇതു സംബന്ധിച്ച് 10.11.16ൽ 3/15-16ആയി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ അധികം ചെലവഴിച്ച 5090/- രൂപ ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ വരവ് ചേർക്കേണ്ടതാണ്.

## 3-12 ദർഘാസ് പരസ്യങ്ങൾക്ക് നിർദ്ദിഷ്ട വലുപ്പം പാലിക്കാത്തത് മൂലമുണ്ടാകുന്ന അധികചെലവ്

ദർഘാസ് പരസ്യങ്ങൾ പൂർണരൂപത്തിൽ പ്രസിദ്ധീകരിക്കേണ്ടതില്ലെന്നും ദർഘാസ് പരസ്യങ്ങളിലെ അടിസ്ഥാനവിവരങ്ങൾ മാത്രം ഉൾക്കൊള്ളുന്ന വിൻഡോ പരസ്യങ്ങൾ പത്രങ്ങളിൽ പ്രസിദ്ധീകരിച്ച് അവയുടെ പൂർണരൂപം പഞ്ചായത്ത് നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും ലഭ്യമാക്കിയാൽ മതിയെന്നും പൊതുഭരണ(ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്-ഡി) വകുപ്പിന്റെ ജി.ഒ.(പി) 01/04/ഐ&പി.ആർ./1.1.04മുഖാന്തിരം നിർദേശിച്ചിരുന്നു. ടി ഉത്തരവിൽ വിൻഡോ ദർഘാസ് പരസ്യങ്ങൾ 3സെ.മീ. x 2കോളം (8സെന്റീ.മീറ്റർ) വലിപ്പത്തിലായിരിക്കണം എന്നും നിർദേശിച്ചിരുന്നു. നിരവധി പരസ്യങ്ങൾ ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്. പരസ്യങ്ങളുടെ ഉള്ളടക്കം നിർദിഷ്ട വിൻഡോ മാതൃകയിലായിരുന്നുവെങ്കിലും സർക്കാർ ഉത്തരവിൽ നിർദേശിച്ചിരുന്ന വലിപ്പത്തിൽ (3സെ.മീ. x 2കോളം) അല്ല പരസ്യം പ്രസിദ്ധീകരിച്ചത്. ഇത് പഞ്ചായത്തിന് അധിക ചെലവുണ്ടാക്കിയതായി നിരീക്ഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ദിനപത്രം തീയതി | പരസ്യത്തിന്റെ വലിപ്പം | സർക്കാർ നിർദേശപ്രകാരം നൽകാവുന്ന പരസ്യം | പത്രം ഈടാക്കിയ നിരക്ക് | പരസ്യത്തിന് നൽകിയ തുക | സർക്കാർ ഉത്തരവ് പ്രകാരം നൽകാവുന്ന തുക | അധികമായി നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | 12.07.2015 മാതൃഭൂമി | 8സെ.മീ. x 10സെ.മീ. = 80ച.സെ.മീ. | 8 സെ.മീ. x 3 സെ.മീ. (2കോളംx 3സെ.മീ.) 24ച.സെ.മീ. | 110 | 8800 | 2640 | 6160 |
| 2 | 02.02.2015 മംഗളം | 8സെ.മീ. x 6സെ.മീ. = 48ച.സെ.മീ. | | 120 | 5760 | 2880 | 2880 |
| 3 | 08.08.2015 മാതൃഭൂമി | 8സെ.മീ. x 10സെ.മീ. =80ച.സെ.മീ. | | 110 | 8800 | 2640 | 6160 |
| 4 | 02.02.2015 മംഗളം | 8സെ.മീ. x 8സെ.മീ. = 64ച.സെ.മീ. | | 120 | 7680 | 2880 | 4800 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | 26.09.2016 മംഗളം | 8സെ.മീ. x 6സെ.മീ. = 48ച.സെ.മീ. | | 120 | 5760 | 2880 | 2880 |
| 6 | 24.01.2016 മാതൃഭൂമി | 8സെ.മീ. x 10സെ.മീ. = 80ച.സെ.മീ. | | 110 | 8800 | 2640 | 6160 |
| 7 | 26.02.2016 മാതൃഭൂമി | 8സെ.മീ. x 10സെ.മീ. = 80ച.സെ.മീ | | 110 | 8800 | 2640 | 6160 |
| 8 | 26.09.2015 കേരള ഭൂഷണം | 8സെ.മീ. x 10സെ.മീ. = 80ച.സെ.മീ | | 60 | 4800 | 1440 | 3360 |
| | | ആകെ | | | | | 38560 |

2015-16 വർഷത്തിൽ ഈയിനത്തിൽ 38,560 രൂപ അധികമായി ചെലവാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരമുള്ള വലുപ്പത്തിൽ പരസ്യം ചെയ്യേണ്ടതും വലുപ്പം കൂടിയ പരസ്യം നൽകുന്നതുമൂലമുള്ള അനാവശ്യചെലവ് ഒഴിവാക്കേണ്ടതുമാണ്.

## 3-13 വിനിയോഗവിവരങ്ങളില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന ചെലവുകൾ വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമനം | പ്രോജക്ട് നം. /പേര് | ചെലവാക്കിയ തുക | തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | ഡി.ഡി നം |
|---|---|---|---|---|
| 1 | 396/16 ഐ.എ.വൈ-എസ്.സി.പി | 16,25,000 | ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 419674/11.04.2016 |
| 2 | 361/16 മീഡിയ ശ്രീ | 65,000 | എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ | 419525/30.03.2016 |
| 3 | 397/16 ഐ.എ.വൈ- | 9,00,000 | ബ്ലോക്ക് പഞ്ചായത്ത്, | 419673/11.04.2016 |

| | | | | |
|---|---|---|---|---|
| | ടി.എസ്.പി | | കാഞ്ഞിരപ്പള്ളി | |
| | ആകെ | 25,90,000 | | |

## 3-14 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

1) മൂല്യനിർണ്ണയം നടത്താതെ തുക കൈമാറി.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ 87 പ്രവൃത്തികൾക്കായി 11578201/-രൂപ ചെലവഴിച്ചതിൽ ആകെ 4 പ്രവൃത്തികൾക്ക് മാത്രമാണ് മൂല്യനിർണ്ണയം നടത്തി തുക കൈമാറിയിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | കോഡ് നമ്പർ | തുക |
|---|---|---|
| കയ്യാലനിർമ്മാണം വാർഡ്-13 | IF-147897 | 251818 |
| പ്രിയദർശിനി റോഡ് മുതൽ 40 ഏക്കർ വരെയുള്ള ആഴം കൂട്ടൽ | WH-72894 | 57443 |
| നീർക്കുഴി- റബർ പ്ലാറ്റ്ഫോം- തെങ്ങിനു തടം- വാർഡ്-18 | IF-132908 | 123874 |
| കയ്യാല-നീർക്കുഴി-റബർ പ്ലാറ്റ്ഫോം- തെങ്ങിനു തടം- വാർഡ്-13 | IF-132887 | 139940 |
| ആകെ | | 573075 |

മൂല്യനിർണ്ണയം നടത്താതെ മസ്റ്റർറോളിന്റെ അടിസ്ഥാനത്തിൽ 83 പ്രവൃത്തികൾക്കായി ആകെ 11005126/-രൂപ തൊഴിലാളികൾക്ക് കൈമാറിയ നടപടി ക്രമവിരുദ്ധമാണ്. ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന് 29-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയിൽ പദ്ധതി പ്രകാരം ഉള്ള പ്രവൃത്തികളുടെ തുക മൂല്യനിർണ്ണയം നടത്താതെ കൈമാറിയത് തൊഴിലാളികൾക്ക് കൂലി താമസമില്ലാതെ ലഭിക്കാൻ വേണ്ടിയും പ്രവൃത്തികൾ അവസാനിക്കുന്ന മുറയ്ക്കുതന്നെ മെഷർമെന്റ് ബുക്കുകൾ തയ്യാറാക്കി ഫയൽ സമർപ്പിച്ച് കൊള്ളാമെന്ന അക്രഡിറ്റഡ് എഞ്ചിനീയറുടെയും ഓവർസീയറുടെയും ഉറപ്പിന്മേലുമാണെന്നും ആയതിനാൽ 30 ദിവസങ്ങൾക്കകം ഈ പ്രവൃത്തികളുടെ എം ബുക്കുകൾ തയ്യാറാക്കി ഓഡിറ്റിൽ സമർപ്പിച്ച് കൊള്ളാമെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ മൂല്യനിർണ്ണയം നടത്താതെ മസ്റ്റർറോളിന്റെ അടിസ്ഥാനത്തിൽ 83 പ്രവൃത്തികൾക്കുവേണ്ടിയുള്ള 11005126/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) വരവ്/ചെലവ് വിശദാംശം

| | |
|---|---|
| മുന്നിരുപ്പ് | 260 |
| വരവ് | 1,19,36,415 |
| ആകെ | 1,19,36,675 |
| ചെലവ് | 1,19,16,961 |
| നീക്കിയിരിപ്പ് | 19,714 |

| | |
|---|---|
| ലേബർ ബജറ്റ് പ്രകാരം പ്രതീക്ഷിച്ച തൊഴിൽദിനങ്ങൾ | 80600 |
| യഥാർത്ഥത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 70615 |
| 100 തൊഴിൽദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | 106 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 11.5.15 | 5,00,000 | എരുമേലി വലിയതോട് പാലം | 5,00,000 | 0 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 9.3.16 | 1,00,000 | പാലിയേറ്റീവ് കെയർ | 1,00,000 | 0 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 9.3.16 | 1,75,000 | വികലാംഗർക്ക് സ്കോളർഷിപ്പ് | 1,36,425 | 38,575 |

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ട് നം./പേര് | ചെലവാക്കിയ തുക | തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | ഡി.ഡി.നം. |
|---|---|---|---|---|
| 1 | 353/16 വാഴക്കാല മാർക്കറ്റ് റോഡ്-സ്ട്രീറ്റ് മെയിൻ വലിക്കലും തെരുവ് വിളക്ക് സ്ഥാപിക്കലും | 68,250 | കെ.എസ്.ഇ.ബി | 389757/16.10.15 |
| 2 | 321/16 നെടുംകാവ് വയൽ-കുളമാങ്കുഴി ഭാഗത്ത് തെരുവ് വിളക്ക് സ്ഥാപിക്കൽ | 12,000 | കെ.എസ്.ഇ.ബി | 389299/08.07.2015 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ, ചെക്ക് നമ്പർ | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|
| അസിസ്റ്റന്റ് | സോളാർ സ്ട്രീറ്റ്ലൈറ്റ് | 21501160 | 2,20,000 | 0 | 2,20,000 |

| | | | | | |
|---|---|---|---|---|---|
| എൻജിനീയർ | സ്ഥാപിക്കൽ | | | | |
| അസിസ്റ്റന്റ് എൻജിനീയർ | സോളാർ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ | 21501161 | 55,000 | 0 | 55,000 |

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(മുതൽ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് -ഭവന പദ്ധതി ലോൺ | ജി.ഒ(ആർ.ടി)1394/22.4.2010 | 3,32,500 | 99,62,040 | 15,00,000 | - | 87,94,540 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം, ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തീയതി |
|---|---|---|---|---|
| 2012-13 | | 4,865 | എം.സുരേഷ്, സെക്രട്ടറി | 11502400009/13.8.15 |
| 2013-14 | 2.2-4, 2.2-5 | 6,206 | റഷീദ് കെ.എസ്. കണ്ണന്താനം | 11502106271/17.2.16 |

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം ഓഡിറ്റ് വർഷത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2011-12 | പ്രവർത്തനാവലോകനം കാർഷിക പദ്ധതികളും കൃഷിഭവനും | | | | |
| 2012-13 | ലഘു അവലോകനം<br>തുടർ സാക്ഷരതാ പദ്ധതി | | | | |
| 1999-00 | ഭാഗം 4<br>ജനകീയാസൂത്രണ പദ്ധതി | | | | |
| 1999-00 | 3-14(B) 2.5 ലക്ഷം രൂപയുടെ തിരിച്ചടവ് അവ്യക്തം | | | | |
| 1999-00 | സെക്രട്ടറി സ്വന്തം നിലയിൽ പണം നൽകിയത് ക്രമ വിരുദ്ധം | | | | |
| 1999-00 മുതൽ 01-02 വരെ | 2-20 | 2004-05 | 2(3) | ജനകീയാസൂത്രണം അവലോകനം തയ്യൽ റെഡിമെയ്ഡ് യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല- 895166 രൂപയുടെ ചെലവ് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് കൂടാതെ) | 6,80,90,742 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,72,23,390 |
| വരവിനങ്ങളിലുള്ള നഷ്ടം | 4,890 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,63,158 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 35,04,123 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
|---|---|---|---|
| 2-5 | 4,190 | | ശ്രീ.എ.ജെ.രാജു, സെക്രട്ടറി |
| 2-9 | 700 | | ശ്രീ.കെ.വി.മോഹൻദാസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 1,46,364 | ശ്രീ.കെ.വി.മോഹൻദാസ്, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.അശോകൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | | 1,704 | ശ്രീ.ജോഷി ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | | 10,000 | ശ്രീ.എ.ജെ.രാജു, സെക്രട്ടറി |
| 3-11 | | 5,090 | ഡോ.ഷെഹൻ മുഹമ്മദ് എസ്., മെഡിക്കൽ ഓഫീസർ |
| ആകെ | 4,890 | 1,63,158 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 9,14,123 | ശ്രീ.ജോഷി ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | 25,90,000 | ശ്രീ.എം.എൻ.വിജയൻ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 35,04,123 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.വി.മോഹൻദാസ്, അസിസ്റ്റന്റ് എഞ്ചിനീയർ | സേവനത്തിൽനിന്ന് വിരമിച്ചു | കോയിത്തറ വീട്, തത്തംപള്ളി, ആലപ്പുഴ |
| ശ്രീ.അശോകൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാഞ്ഞിരപ്പള്ളി ബ്ലോക്ക്പഞ്ചായത്ത് | തൈക്കൂട്ടത്തിൽ, തത്തംപള്ളി, ആലപ്പുഴ |

| | | |
|---|---|---|
| ശ്രീ.എ.ജെ.രാജു, സെക്രട്ടറി | സേവനത്തിൽനിന്ന് വിരമിച്ച | എണ്ണയ്ക്കാട്ടുപറമ്പിൽ, മുണ്ടത്താനം, കങ്ങഴ |
| ശ്രീ.ജോഷി ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എരുമേലി | ചെത്തിമറ്റത്തിൽ, വഞ്ചിമല പി.ഒ., കാഞ്ഞിരപ്പള്ളി |
| ഡോ.ഷെഹൻ മുഹമ്മദ് എസ്., മെഡിക്കൽ ഓഫീസർ | എം.ഒ.(സി എച്ച് സി), എരുമേലി | ടി സി 49/710 മണക്കാട്, തിരുവനന്തപുരം |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1990-91, 1991-92 | LFKP-4/895/96/9.4.97/15.9.97 | | |
| 1997-98 | LFKP-4/364/08/21.10.09/15.12.09 | | |
| 1997-98 | LFKP-8/333/04/5.6.04 | | |
| 1998-99 | LFKP8/884/02/21.4.03/10.7.03 | | |
| 2001-02 | LFKP9/367/08/8.3.10/ | | |
| 2002-03 | LFKP9/368/08/8.3.10 | | |
| 2002-03 | LFKP8/758/05/16.5.06 | | |
| 2004-05 | LFKP13/672/11/9.12.11 | | |
| 2005-06 | LFKP9/793/10/ 8.4.11 | | |
| 2006-07 | LFKP13/794/10/1.8.12/7.8.12 | | |
| 2007-08 | LFKP13/1592/11/1.8.01/4.8.13 | | |
| 2008-09/09-10 | LFKP13/989/12/6.7.13 | | |
| 2010-11/11-12 | LFKP13/103/14/25.8.14 | 35 | |
| 2012-13 | LFKP13292/15/22.3.16 | 47 | |
| 2013-14 | KSAKTMP13/516/16/17.9.16 | 49 | |

| | | | |
|---|---|---|---|
| 2003-04 | LFKP9/949/09/23.4.10 | | |
| 2014-15 | KSAKTMP13/864/16/21.7.16 | | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി13/1795/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 16.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം